കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.lfa.kerala.gov.in**

# ധർമ്മടം ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്- 2015-16

# ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

*e-mail: lfaddistofficeknr@gmail.com*

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം. കെ എസ് എ / കെ എൻ ആർ /സി 7- 2234/16

ജില്ലാഓഡിറ്റ് കാര്യാലയം,കണ്ണൂർ ജില്ല
Email.lfaddistofficeknr@gmail.com

ഫോൺ.0497 - 2707698

തീയതി : 8-02-2017

ഡെപ്യൂട്ടി ഡയരക്ടർ

പ്രസിഡന്റ് ( സെക്രട്ടറി മുഖേന )

ധർമ്മടം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ധർമ്മടം ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ധർമ്മടം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 , ഭാഗം 3എന്നിവയിലെ ഖണ്ഡികളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം , 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഇ-മെയിൽ മുഖാന്തിരം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ കണ്ണൂർ ജില്ല ( ഉപരിപത്രം സഹിതം )

3)കാര്യാലയ പകർപ്പ്

നം കെ എസ് എ / കെ എൻ ആർ / സി 7-2234/16

തിയ്യതി:8-02-2017

## കണ്ണൂർ ജില്ലയിലെ ധർമ്മടം ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ

# ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർജില്ലയിലെ ധർമ്മടം ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 21 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര് | ശ്രീ. അശോകൻ.മഠത്തിൽ<br>ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് | തസ്തിക |
|---|---|---|
| 5.12.16മുതൽ19.12.16വരെ | ശ്രീമതി.ലതവാണി.എൻ.എൻ | ഓഡിറ്റ് ഓഫീസർ |
| | ശ്രീ. രമേശൻ കരോത്ത് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.ജീന.സി.പി | സീനിയർഗ്രേഡ് ഓഡിറ്റർ |

നിർവ്വഹണാധികാരികളുടെ പേര് &കാലയളവ്

പ്രസിഡണ്ട് :

<table>
<tr><th colspan="2">പേര്</th><th>കാലയളവ്</th></tr>
<tr><td colspan="2">ശ്രീ.പി.എം.പ്രഭാകരൻ മാസ്റ്റർ</td><td>1.4.15 മുതൽ 31.10.15 വരെ</td></tr>
<tr><td>ശ്രീമതി.ലീന.എ.കെ (കൃഷി ഓഫീസർ ഇൻ ചാർജ്ജ്)</td><td rowspan="3">ഭരണ നിർവ്വഹണകമ്മിറ്റി അംഗങ്ങൾ</td><td rowspan="3">1.11.15 മുതൽ 18.11.15വരെ</td></tr>
<tr><td>ശ്രീമതി.വസന്തകുമാരി<br>(ഐ സി ഡി എസ് സൂപ്പർവൈസർ)</td></tr>
<tr><td>ശ്രീ.പ്രസാദ്.വി.വി<br>(സെക്രട്ടറി)</td></tr>
<tr><td colspan="2">ശ്രീമതി.ബേബി സരോജം .സി.പി</td><td>19.11.15 മുതൽ 31.03.16 വരെ</td></tr>
</table>

സെക്രട്ടറി :

| പേര് | കാലയളവ് |
|---|---|
| ശ്രീ.വി.പുഷ്പഹാസൻ | 1.4.2015 മുതൽ 31.5.2015 വരെ |
| ശ്രീ.പ്രസാദ്.വി.വി-<br>അസിസ്റ്റന്റ് സെക്രട്ടറി<br>(സെക്രട്ടറി ഇൻ ചാർജ്ജ്) | 1.6.2015 മുതൽ 29.7.2015വരെ |
| ശ്രീ.മുഹമ്മദ്.എ.സി | 30.7.2015 മുതൽ 10.8.2015 F Nവരെ |

| | |
|---|---|
| ശ്രീ.പ്രസാദ്.വി.വി | 10.8.2015 A N മുതൽ 31.3.2016വരെ |

മറ്റ് നിർവ്വഹണാധികാരികളുടെ പേര് & കാലയളവ്

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി.ലീന .എം.കെ (ഇൻ ചാർജ്ജ്) | 1.4.2015 മുതൽ 16.12.2015വരെ |
| | ശ്രീ.ഉണ്ണികൃഷ്ണൻ.ആർ | 17.12.2015 മുതൽ 31.3.2016വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ.വിജയൻ. കെ | 1.4.2015 മുതൽ 31.3.2016 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.പ്രജിത്ത്.ടി.പി | 1.4.2015മുതൽ<br>8. 12.2015 വരെ |
| ലേഡി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.പ്രിയ.കെ | 1.4.2015മുതൽ 31.3.2016 വരെ |
| വെറ്ററിനറി സർജ്ജൻ | ഡോ.ഷൈമജ ഉത്തമൻ | 1.4.2015 മുതൽ 31.3.2016 വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | ഡോ.ദിൽനാഥ് കല്ലാട്ട് | 1.4.2015 മുതൽ 31.3.2016 വരെ |

| | | |
|---|---|---|
| | | |
| മെഡിക്കൽ ഓഫീസർ ഗവ:ആയ്യുർവേദ ഡിസ്പെൻസറി | ഡോ.ദീപ രാജ്.വി.ടി | 1.4.2015 മുതൽ 3.7.2015 FNവരെ |
| | ഡോ.അമർനാഥ്.പി | 3.7.2015 AN മുതൽ 31.3.2016 വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ.അമൃദ.എം | 1.4.2015മുതൽ 31.3.2016വരെ |
| ഐ സി ഡി എസ് സൂപ്പർവൈസർ | ശ്രീമതി.പി.വസന്തകുമാരി | 1.4.2015മുതൽ 31.3.2016 വരെ |
| അസിസ്റ്റൻറ് സെക്രട്ടറി | ശ്രീ. പ്രസാദ്.വി.വി | 1.4.2015 മുതൽ 10.8.2015 F N വരെയും 11.8.2015 മുതൽ 23.8 .2015 വരെയും(അസിസ്റ്റൻറ് സെക്രട്ടറിയുടെ ചാർജ്ജ് ) |
| | ശ്രീ.അനിൽ.പി.കെ | 24.8.2015 മുതൽ26.8.2015വരെ |
| | ശ്രീമതി.നിഷ.പി.വി | 26.8.2015 ANമുതൽ 31.1.2016 വരെ |

| | | |
|---|---|---|
| | ശ്രീ.യൂസഫ് ന്യൂ കണ്ണമ്പത്ത് | 1.2.2016മുതൽ 31.3.2016വരെ |
| അസിസ്റ്റൻറ് എഞ്ചിനിയർ | ശ്രീ.ഉല്ലാസൻചൊവ്വ | 1.4.2015 മുതൽ22.5.2015വരെ |
| | ശ്രീമതി.റംസീന .വി | 23.5.2015മുതൽ 31.3.2016 വരെ |
| സബ്ബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | ശ്രീ. ജോസ് ബാബു | 1.4.2015മുതൽ 31.3.2016 വരെ |

<u>ഉള്ളടക്കം</u>

<u>ഭാഗം 1 പൊതുഅവലോകനം</u>


| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1(1) | |
| 2 | വാർഷിക ധനകാര്യപത്രിക | 1(2) | |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. | 1(3) | |
| 4 | സാമ്പത്തിക വിശകലനം | 1(4) | |
| 5 | ഫണ്ട് വിനിയോഗം | 1(5) | |
| 6 | പദ്ധതി അവലോകനം. | 1(6) | |
| 7 | തനത് വരുമാനം. | 1(7) | |
| 8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1(8) | |
| 9 | ക്ഷേമപദ്ധതികൾ | 1(9) | |

| | | | |
|---|---|---|---|
| 10 | ക്യാഷ് വെരിഫിക്കേഷൻ | 1(10) | |
| 11 | ഗ്രാമസഭ | 1(11) | |
| 12 | ആഭ്യന്തര നിയന്ത്രണം | 1(12) | |

ഭാഗം- II വരവ് കണക്കിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | തൊഴിൽ നികുതി - 250/- രൂപ കുറവ് ഈടാക്കിയത് | 2(1) | |
| 2 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് നികുതി ചുമത്തൽ - പഞ്ചായത്തിന് വരവു നഷ്ടം | 2(2) | |
| 3 | ഇ-ടെണ്ടർ: ടെണ്ടർ ഫോറം വില ഇനത്തിൽ ലഭിക്കേണ്ട 8400/- രൂപ ലഭിക്കുവാൻ നടപടി സ്വീകരിച്ചില്ല. | 2(3) | |

ഭാഗം-III ചെലവ് കണക്കിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ഒരേ സമയം രണ്ട് വാഹനങ്ങൾ ഉപയോഗിച്ചു | 3(1) | |
| 2 | പാലിയേറ്റീവ് കെയർ പരിപാടി - ഭക്ഷണത്തിന് | 3(2) | |

| | | | |
|---|---|---|---|
| | അധികച്ചെലവ് | | |
| 3 | മുട്ടക്കോഴി വളർത്തൽ - അധികം നൽകിയ സബ്സിഡി തുക 5500/- നിരാകരിക്കുന്നു | 3(3) | |
| 4 | അംഗനവാടികൾക്ക് കളിയുപകരണങ്ങൾ, ഫർണിച്ചർ എന്നിവ ലഭ്യമാക്കൽ - പർച്ചേസിംഗ് കമ്മിറ്റി മിനുട്സ് ഹാജരാക്കിയില്ല | 3(4) | |
| 5 | പ്രത്യേക കന്നുകുട്ടി പരിപാലനം -വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല | 3(5) | |
| 6 | തെങ്ങ് കയറ്റ ഉപകരണവിതരണം - ഫണ്ട് ചെലവഴിക്കാനായി അനർഹർക്ക് നൽകി | 3(6) | |
| 7 | തെങ്ങിന് ജൈവവളം വിതരണം - സബ്സിഡി നിരക്ക് പാലിക്കാതെ നൽകി | 3(7) | |
| 8 | മാർഗരേഖയ്ക്ക് വിരുദ്ധമായി ഭക്ഷണ വിതരണ പരിപാടി--ചെലവ് തുക 2,22,704/- തടസ്സപ്പെടുത്തുന്നു | 3(8) | |
| 9 | ജേസി സ്പെഷൽ സ്കൂൾ ധർമ്മടം കമ്പ്യൂട്ടർ വാങ്ങൽ --ചെലവ് തുക തടസ്സപ്പെടുത്തുന്നു | 3(9) | |
| 10 | ഘടക സ്ഥാപനങ്ങളിൽ കമ്പ്യൂട്ടർ ,പ്രിന്റർ വാങ്ങൽ അപാകങ്ങൾ തുക ₹ 36000/-ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | 3(10) | |
| 11 | തെരുവ് വിളക്ക് അറ്റകുറ്റപണി കരാർ- | 3(11) | |

| | | | |
|---|---|---|---|
| | നടപടിക്രമങ്ങളിൽ സുതാര്യതയില്ല ചെലവ് തുക 400000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | | |
| 12 | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ -രേഖകൾ ഹാജരാക്കിയില്ല | 3(12) | |
| 13 | അംഗൻവാടി കെട്ടിടത്തിന് സ്ഥലം വാങ്ങൽ നടപടിക്രമത്തിലെ അപാകങ്ങൾ- ചെലവ് തുക 90000/- തടസ്സപ്പെടുത്തുന്നു | 3(13) | |
| 14 | കുടുംബശ്രീ "മീഡിയാശ്രീ " - ഡോക്യുമെന്ററി ചിത്രങ്ങൾ ലഭിച്ചില്ല. ചെലവ് തുക 65000/- തടസ്സപ്പെടുത്തുന്നു | 3(14) | |
| 15 | വാഹന ഉപയോഗവും സംരക്ഷണവും -രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല – ഇന്ധന വില 82542 /- തടസ്സപ്പെടുത്തുന്നു | 3(15) | |
| 16 | ഗുണഭോക്തൃസമിതിമുഖേനയുള്ള മരാമത്ത് പ്രവൃത്തികൾ -രേഖകൾ ഹാജരാക്കാത്തതിനാൽ ₹ 14,28,909 തടസ്സപ്പടുത്തുന്നു | 3(16) | |
| 17 | IAY ധനസഹായം - കൈപ്പറ്റ്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയില്ല ₹ 1,80,000 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു | 3(17) | |
| 18 | സാനിറ്ററി യൂണിറ്റിന് തുകമുഴവൻ തനത് ഫണ്ടിൽ നിന്നും നൽകിയത് റീക്കൂപ്പ് ചെയ്തിട്ടില്ല | 3(18) | |

| | | | |
|---|---|---|---|
| 19 | റോഡിതര സംരക്ഷണഗ്രാന്റ് മാർഗ്ഗരേഖ ലംഘിച്ച് വിനിയോഗിച്ചു. ₹ 15,340 തടസ്സപ്പെടുത്തുന്നു | 3(19) | |
| 20 | പൂർത്തീകരിക്കാത്ത ഭവന നിർമ്മാണ പദ്ധതികൾ | 3(20) | |
| 21 | പൊതുമരാമത്ത് പ്രവൃത്തികളിലെ പൊതുഅപാകതകൾ | 3(21) | |


ഭാഗം-IV പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും


| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4(1) | |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4(2) | |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4(3) | |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4(4) | |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4(5) | |
| 6 | ഓഡിറ്റ് റിക്കവറി | 4(6) | |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം. | 4(7) | |
| 8 | ഓഡിറ്റ് പ്രത്യവലോകനം | 4(8) | |
| 9 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4(9) | |
| 10 | അനുബന്ധം -1 (ഓഡിറ്റ് സർട്ടിഫിക്കറ്റ്) | | |


# ഭാഗം 1

## പൊതു അവലോകനം

# 1-1 ബജറ്റ്

2015-16വർഷത്തെ ബജറ്റ് 28.3.2015 തീയതിയിലെ 20/2015 നമ്പർ ഭരണ സമിതി തീരുമാനപ്രകാരം അംഗീകരിച്ച .ബജറ്റ്പ്രകാരമുള്ളതും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് തുകകൾ താഴെ കൊടുക്കുന്നു.

| | ബജറ്റ് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | | ശതമാനം (+)/(-) |
|---|---|---|---|---|---|
| | | | കൂടുതൽ | കുറവ് | |
| മുന്നിരിപ്പ് | 1,36,82,405 | 1,78,97,388.53 | 42,14,983.53 | | |
| വരവ് | 5,63,05,000 | 3,41,18,651.00 | | 2,21,86,349.00 | (-)39.40 |
| ആകെ | 6,99,87,405 | 5,20,16,039.53 | | 1,79,71,365.47 | (-)25.67 |
| ചെലവ് | 12,33,18,819 | 4,36,94,159.00 | | 7,96,24,660.00 | (-)64.56 |
| നീക്കിയിരിപ്പ് | (5,33,31,414) | 83,21,880.53 | 6,16,53,294.53 | | |

റസീറ്റ് & പെയ്മെന്റ് പട്ടികയിൽ EFMS ( NREGS ),DBT(B fund) തുകകൾ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ ബജറ്റുമായി താരതമ്യം ചെയ്തിട്ടില്ല. കമ്മി ബജറ്റാണ് തയ്യാറാക്കിയിട്ടുള്ളത്. ആയത് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

# 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2015-16 | 31.7.2016 | 30.7.2016 | തിരിച്ചയച്ചിട്ടില്ല | ബാധകമല്ല |

# 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി | സർട്ടിഫിക്കറ്റ് നൽകിയത് |
|---|---|---|---|
| 2015-16 | 15.12.2016 ,16.12.2016 | ഇതേ റിപ്പോർട്ട് നമ്പർ &തിയതി | വിശേഷണങ്ങളോടു കൂടിയത് |

വാർഷിക ധനകാര്യപത്രിക പരിശോധനയിൽ കണ്ടെത്തിയ ന്യൂനതകൾ

1) ബാലൻസ് ഷീറ്റ് പ്രകാരം പെർമനന്റ് അഡ്വാൻസായി 379/- രൂപ കാണുന്നു . പെർമനന്റ് അഡ്വാൻസായി 200/- രൂപ മാത്രമേ ഉണ്ടാവാൻ പാടുള്ളൂ.

2) 2015-16 വർഷത്തെ മാർക്കറ്റുകളുടെ ലേല തുക ലേലരജിസ്റ്റർ പ്രകാരം 441500/- രൂപയാണ്. എന്നാൽ ഇൻകം & എക്സ്പെൻഡിച്ചർ ഷെഡ്യൂൾ I 4(b) പ്രകാരം Market receipt 533200/-രൂപയുടെ ഡിമാന്റും, റസീറ്റ് & പേമെന്റ് ഷെഡ്യൂൾ RP 43 പ്രകാരം 413200/- പിരിച്ചെടുത്തതായും കാണുന്നു. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B15 പ്രകാരം 120000/- രൂപ പിരിച്ചെടുക്കാൻ ബാക്കിയുണ്ട്. ഡിമാന്റിലും കലക്ഷനിലുമുള്ള വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

3)2015-16 വർഷത്തേക്കുള്ള പരസ്യനികുതി ലേല തുക ലേലഫയൽ പ്രകാരം 17100/- രൂപയാണ്. എന്നാൽ ഇൻകം & എക്സ്പെൻഡിച്ചർ ഷെഡ്യൂൾ I. 1പ്രകാരം പരസ്യനികുതി 25000/-രൂപയുടെ ഡിമാന്റുണ്ട്. റസീറ്റ് & പേമെന്റ് ഷെഡ്യൂൾ RP 43 പ്രകാരം തൻവർഷ പിരിവ് 18000/- യും കുടിശിക പിരിവ് 7000/- രൂപയുമാണ്. എന്നാൽ 2014-15 വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B15പ്രകാരം തുക പിരിച്ചെടുക്കാനില്ല. ഡിമാന്റിലും കലക്ഷനിലുമുള്ള വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

4) തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം ജീവക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് 2013270/-രൂപയും പിരിവ് 2009920/- രൂപയും ബാക്കി 3350/- രൂപയുമുണ്ട്. എന്നാൽ വാർഷിക കണക്കുപ്രകാരം ഡിമാന്റും പിരിവും 2009920/- രൂപയാണ്.

5) തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് 2,46,320/-രൂപയും പിരിവ് 2,40,070/- രൂപയും ബാക്കി 6250/- രൂപയുമുണ്ട്. എന്നാൽ വാർഷിക കണക്കുപ്രകാരം 2,54,670/- രൂപയുടെ ഡിമാന്റും 240070/- രൂപയുടെ തൻവർഷ പിരിവും 14600/- രൂപയുടെ കുടിശിക പിരിവും കാണുന്നു. എന്നാൽ 2014-15 വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B15പ്രകാരം ഈ ഇനത്തിൽ തുക പിരിച്ചെടുക്കാനില്ല.

6) വസ്തു നികുതി സംബന്ധിച്ച രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

7) പ്രോജക്റ്റ് നമ്പർ -172/16 - നിലവിലുള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ എന്ന പദ്ധതിക്കായി വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്ത 600000/- രൂപ B-18 ഷെഡ്യൂളിൽ ചേർക്കേണ്ടതിനുപകരം B-11 ഷെഡ്യൂളായ സ്ഥിര ആസ്തിയിലാണ് ചേർത്തിരിക്കുന്നത്.

8) വാർഷിക കണക്കു പ്രകാരം ടി.എസ്.പി മുന്നിരിപ്പ് ' 0 ' വും എസ്.എഫ്.സി സ്റ്റേറ്റ്മെന്റ് പ്രകാരം 5000/- രൂപയുമാണ്. വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

9) ഇൻകം & എക്സ്പെൻഡിച്ചർ , റസീറ്റ് & പേമെന്റ് എന്നിവയിലെ ഷെഡ്യൂളുകളായ RP 7 – RP19 മായും, RP15 – I.14 മായും, RP16 – I.14(a) മായും RP 20 – I.14 (e) യുമായും പൊരുത്തപ്പെടുന്നില്ല. ഇവയുടെ വ്യത്യാസത്തിനുള്ള Note on account തയ്യാറാക്കിയിട്ടില്ല.

10) ഡെപ്പോസിറ്റ് രജിസ്റ്ററിൽ ഡെപ്പോസിറ്റിന്റെ ഇനം തിരിച്ചുള്ള വാർഷിക സംക്ഷിപ്തം എഴുതിയിട്ടില്ല. ആയതിനാൽ B7 ലെ തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

11) ജി.ഒ.(പി) 419/15 ഫിൻ തീയ്യതി 19-09-2015 ഉത്തരവ് പ്രകാരമുള്ള നിർദ്ദേശങ്ങൾ നടപ്പിലാക്കിയതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

12) സാംഖ്യ സോഫ്റ്റ് വെയറിൽ അക്കൗണ്ടുകളുടെ അനുരഞ്ജനം നടത്തുന്നില്ല.

13)"കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗസ്സ് "" (B11-A) ൽ പൂർത്തീകരിച്ചപ്രവൃത്തികളുടെ വിവരവും ഉൾക്കൊള്ളിച്ചിട്ടുണ്ട്.
ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആയതിനാൽ B 11 ഷെഡ്യൂളിൽ രേഖപ്പെടുത്തിയ തുകയുടെ കൃത്യത പരിശോധിക്കാൻ
കഴിഞ്ഞിട്ടില്ല.
15) എം.ജി.എൻ.ആർ.ഇ.ജി.എസ് ന്റെ വരവ് I. 6 പ്രകാരം 5536790 രൂപയും ചെലവ് I 14(a) പ്രകാരം 5536790 രൂപയുമാണ്.
എന്നാൽ യഥാർത്ഥ വരവ് RP 31 പ്രകാരം 244926/- EFMS പ്രകാരം 5295220 ഉം ഉൾപ്പെടെ 5540146 ഉം

ചെലവ്
55387450 ഉം ആണ്.

## 1-4 സാമ്പത്തിക വിശകലനം

2015-16വർഷങ്ങളിലെ സ്ഥാപനത്തിന്റെ വാർഷിക ധനകാര്യപത്രികവിവരം

സാമ്പത്തികവിശകലനം

| ഇനം | 2015-16 |
|---|---|
| മുന്നിരിപ്പ് | 1,78,97,388. 53 |
| വരവ് | 3,41,18,651.00 |
| ആകെ | 5,20,16,039.53 |
| ചെലവ് | 4,36,94,159.00 |
| നീക്കിയിരിപ്പ് | 83,21,880.53 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ട്രാൻസ്ഫർ ക്രെഡിറ്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 1154580 | 4132138 | 3705664 | 8992382 | 8992382 | 0 | 100 |
| വികസനഫണ്ട് എസ്.സി.പി. | 1680634 | 1060689 | (-)1085634 | 1655689 | 1655689 | 0 | 100 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 2896 | 1387309 | 0 | 1390205 | 1390205 | 0 | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 682475 | 2399577 | 0 | 3082052 | 3082052 | 0 | 100 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 174889 | 4520009 | (-)180324 | 4514574 | 4514574 | 0 | 100 |

| | | | | | | | |
|---|---|---|---|---|---|---|---|
| പെർഫോമൻസ് ഗ്രാന്റ് | 3123301 | 2109369 | (-)2439706 | 2792964 | 2792964 | 0 | 100 |
| എം.എൻ.ആർ.ഇ.ജി.എസ്. | 0 | 5540146.7 | 0 | 5540146.70 | 5538745 | 1401.7 | 99.97 |
| ബി ഫണ്ട് | 0 | 31839745 | 0 | 31839745 | 31839745 | | 100 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗിക മായി നട പ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 15-16 | 184 | 5,58,66,762 | 142 | 3,03,72,255 | 35 | 7 | 74 |

## 1-7 തനത് വരുമാനം.

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 39.97 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | 2014-15 | 2015-16 | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 65,34,467 | 50,30,264 | 15,04,203 | (-) 23.01 |
| ഫീസുകൾ | 4,61,855 | 3,75,331 | 86,524 | (-) 18.73 |
| മറ്റുവരവുകൾ | 5,80,328 | 10,54,552 | 4,74,224 | (+) 81.71 |
| ആകെ | 75,76,650 | 64,60,147 | 11,16,503 | (-)39.97 |

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.8.2016 | 1.4.2015 മുതൽ 30.6.2015 വരെ | 1.7.2014 |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 26.2.2014 | 2009-10 മുതൽ 2013-14വരെ | 29.6.2015 |

## 1-9 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 2,24,160 | 140 |
| കർഷകതൊഴിലാളി ക്ഷേമപെൻഷൻ | 13,65,900 | 217 |
| വിധവ പെൻഷൻ | 89,97,360 | 1074 |
| വാർദ്ധക്യകാല പെൻഷൻ | 1,45,16,640 | 2508 |
| വികലാംഗ പെൻഷൻ | 26,33,560 | 290 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 34,10,160 | 398 |

## 1-10 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.12.2016 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 7,321 രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-11 ഗ്രാമസഭ

2015-16 വർഷത്തിൽ ആകെ 3 തവണഗ്രാമസഭ കൂടിയിട്ടുണ്ട് . പഴയഭരണസമിതിയുടെ കാലത്ത് 1 ഉം പുതിയ ഭരണസമിതി നിലവിൽ വന്നതിനു ശേഷം 2 ഉം ഗ്രാമസഭകൾ കൂടിയിട്ടുണ്ട്. ഉദാഹരണമായി മൂന്ന് വാർഡുകളിൽ യോഗം ചേർന്ന തീയതി ചുവടെ ചേർക്കുന്നു.

| വാർഡ് നം | തീയതി | | | |
|---|---|---|---|---|
| 10 | 28.6.2015 | 21.1.2016 | 3.3.2016 | 16.10.2016 |
| 13 | തീയതി രേഖപ്പെടുത്തിയിട്ടില്ല | 21.1.2016 | 27.2.2016 | 16.10.2016 |
| 1 | 5.7.2015 | 20. 1.2016 | 28.2.2016 | 9.10.2016 |

2/2016 ലെ ഗ്രാമസഭ കൂടിയതിന് ശേഷം അടുത്ത യോഗം 6 മാസം കഴിഞ്ഞാണ് കൂടിയത്. ഗ്രാമസഭകളിൽ ക്വാറം തികയുന്നത്ര വോട്ടർമാരുടെ പങ്കാളിത്തം ഉണ്ടായിരുന്നു.

## 1-12 ആഭ്യന്തര നിയന്ത്രണം

1994ലെ കേരള പഞ്ചായത്തിരാജ് നിയമത്തിലെ 180-ാം വകുപ്പ് പ്രകാരം ഒരു ഗ്രാമ പഞ്ചായത്തിലെ മുഴുവൻ ജീവനക്കാരും (റഗുലർ ജീവനക്കാർ) സർക്കാർ ജീവനക്കാർ എന്നനിലയിൽ സർക്കാർ പുറപ്പെടുവിക്കുന്ന നിയമ നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുന്നതോടൊപ്പം തന്നെ തെരഞ്ഞെടുക്കപ്പെട്ട പ്രാദേശിക സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ജീവനക്കാർ എന്ന നിലയിൽ ഗ്രാമ പഞ്ചായത്ത് ഏൽപ്പിക്കുന്ന നിയമാനുസൃത ഉത്തരവുകൾ നിർവഹിക്കേണ്ടതുമാണ്.

ഇത് സംബന്ധിച്ച് ത.സ്വ.ഭ .വ സെക്രട്ടറിയുടെ 3.11.2006 ലെ 45778/പി എ 3/2006 സർക്കാർ കത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചയത്ത് ഡയരക്ടർ 18/1/2007 ലെ H1/13880/2006 പുറപ്പെടുവിച്ച പ്രത്യേക കത്ത് പ്രകാരം ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണം ശക്തിപ്പെടുത്തേണ്ടുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് പ്രധാന വിവരങ്ങൾ താഴെ കൊടുക്കുന്നു.

(ഒന്ന്) സ്റ്റാഫ് മീറ്റിങ് : ജീവനക്കാരുടെ ജോലി പുരോഗതിയും ഗ്രാമ പഞ്ചയത്തിന്റെ പ്രവർത്തന പുരോഗതിയും വിലയിരുത്തുവാൻ സെക്രട്ടറി ജീവനക്കാരുടെ പ്രതിമാസ യോഗം പ്രസിഡണ്ടിന്റെ അദ്ധ്യക്ഷതയിൽ വിളിച്ചു ചേർക്കുവാൻ ബാധ്യസ്ഥനാണ്. എന്നാൽ ഇവിടെ ഇത് കൃത്യമായി നടപ്പിൽ വരുത്തിയതായി കണ്ടില്ല. ഹാജരാക്കിയ രജിസ്റ്റർ പ്രകാരം ഈകാലയളവിൽ പ്രതിമാസം സ്റ്റാഫ് മീറ്റിങ്ങ് കൂടിയിട്ടില്ല.ആകെ 3 പ്രാവശ്യം മാത്രമാണ് യോഗം ചേർന്നത്.

പ്രതിമാസ യോഗങ്ങൾ ചേർന്ന് ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(രണ്ട്) ഓഫീസ് ഉത്തരവ് : ഓഡിറ്റ് കാലയളവിൽ പുറപ്പെടുവിച്ച ഓഫീസ് ഉത്തരവുകളിൽ ജീവനക്കാർക്ക് ചുമതലകൾ എല്പിച്ചുകൊണ്ടുള്ള ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(മൂന്ന്) വ്യക്തി വിവര റജിസ്റ്റർ സൂക്ഷിപ്പ് : രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കോളങ്ങൾ എഴുതി പൂർണ്ണമാക്കിയിട്ടില്ല

(നാല്) കാഷ്വൽ ലീവ് റജിസ്റ്റർ :കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്

(അഞ്ച്) പേഴ്സണൽ രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നുണ്ടെങ്കിലും ആവശ്യമായ വിവരങ്ങൾ ചേർക്കുന്നില്ല

(ആറ്) സ്റ്റോക്ക് രജിസ്റ്റർ : സെക്രട്ടറി,അസിസ്റ്റന്റ് സെക്രട്ടറി എന്നിവർ നിർവ്വഹണം നടത്തിയ പദ്ധതികൾ പ്രകാരം വാങ്ങിയ എല്ലാ വിധ സാധനങ്ങളുടേയും സ്റ്റോക്ക് വിവരം ഒരു രജിസ്റ്ററിൽ പ്രോജക്ട് നമ്പർ ക്രമത്തിൽ എഴുതി ചേർക്കുകയാണ് ചെയ്യുന്നത്. ഇതിൽസ്റ്റേഷനറി സാധനങ്ങൾ, കമ്പ്യൂട്ടറുകൾ, ഫർണ്ണിച്ചറുകൾ മുതലായവയും, ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യേണ്ട സാധനങ്ങളും ഉൾപ്പെടുന്നു.ഓഫീസിലെ കമ്പ്യൂട്ടറുകൾ,ഫർണ്ണിച്ചറുകൾ എന്നിവയ്ക്ക് പ്രത്യേക ഇനം തിരിച്ചുള്ള സ്റ്റോക്ക്

സൂക്ഷിക്കേണ്ടതാണ്.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വന്നത് - 250/- രൂപയുടെ വരവ് നഷ്ടം

2015-16 സാമ്പത്തിക വർഷത്തിൽ താഴെ പറയുന്ന ജീവനക്കാരന്റെ തൊഴിൽ നികുതിയിൽ കുറവ് വന്നതായി കാണുന്നു.

| ജീവനക്കാരന്റെ പേര്, സ്ഥാപനത്തിന്റെ പേര് | ആകെ വരുമാനം (റിട്ടേൺ പ്രകാരം) | ഈടാക്കിയ നികുതി | ഈടാക്കേണ്ടത് | കുറവ് |
|---|---|---|---|---|
| ഷാസിയ. ടി.പി, അസി. പ്രൊഫസർ, കണ്ണൂർ യൂണിവേഴ്സിറ്റി | 1,20,000 | 750/- 500020<br>29/2/2016 | 1000 | 250 |

കുറവ് വന്ന തൊഴിൽ നികുതി ജീവനക്കാരനിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 2-2 വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് നികുതി ചുമത്തൽ - പഞ്ചായത്തിന് വരവു നഷ്ടം

വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് നികുതി ചുമത്തൽ - പഞ്ചായത്തിന് വരവു നഷ്ടം

ഗ്രാമപഞ്ചായത്തിലെ വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളിൽ ചില കെട്ടിടങ്ങൾക്ക് വസ്തുനികുതി ചുമത്തിയതിൽ സംഭവിച്ച അപാകത കാരണം താഴെ സൂചിപ്പിക്കുന്നതു പ്രകാരം നികുതിനഷ്ടം സംഭവിച്ചതായി കാണുന്നു. കെട്ടിടത്തിന്റെ മൊത്തം തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിക്കുന്നതിനു പകരം ഓരോ മുറികൾക്കും പ്രത്യേകം നികുതി കണക്കാക്കിയതിനാലാണ് ഇത്തരത്തിൽ നികുതി നഷ്ടം ഉണ്ടായിട്ടുള്ളത്.

1. കെട്ടിട ഉടമയുടെ പേര് : ശ്രീ. കെ.വി. മമ്മൂട്ടി, സെക്രട്ടറി, ദാറിസ്സലാം മദ്രസ്സ & മസ്ജിദ് കമ്മിറ്റി, പി.ഒ.ധർമ്മടം(9826 -9831)

ഈടാക്കിയ നികുതിയുടെ വിവരങ്ങൾ

| ക്രമ നം | കെട്ടിട നമ്പർ | തറവിസ്തീർണ്ണം(ച.മീ) | അടിസ്ഥാന വസ്തുനികുതി@ 40/- | മേഖല അടിസ്ഥാനമാക്കിഇളവ് (10%) | സേവന നികുതി (2%) | ഗ്രന്ഥശാല വരി(5%) | ആകെ | രസീതി നം |
|---|---|---|---|---|---|---|---|---|

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 1. | XIV/480A | 38.25m$^2$ | 1530 | 153 | 28 | 69 | 1474 | 35094/62 7-6-14 |
| 2. | XIV/480B | 18.92m$^2$ | 756 | 76 | 14 | 34 | 728 | 35094/62 7-6-14 |
| 3. | XIV/480C | 18.92m$^2$ | 756 | 76 | 14 | 34 | 728 | 35094/62 7-6-14 |
| 4. | XIV/480D | 18.92m$^2$ | 756 | 76 | 14 | 34 | 728 | 35094/62 7-6-14 |
| 5. | XIV/480E | 18.92m$^2$ | 756 | 76 | 14 | 34 | 728 | 35094/62 7-6-14 |
| 6. | XIV/480F | 18.92m$^2$ | 756 | 76 | 14 | 34 | 728 | 35094/62 7-6-14 |
| | 5,114 | | | | | | | |

ഈടാക്കേണ്ട നികുതിയുടെ വിവരങ്ങൾ

| തറവിസ്തീർണ്ണം(ച.മീ) | അടിസ്ഥാന വസ്തുനികുതി@ 60/- | മേഖല അടിസ്ഥാനമാക്കിഇളവ് (10%) | സേവന നികുതി (2%) | ഗ്രന്ഥശാല വരി(5%) | ആകെ |
|---|---|---|---|---|---|
| 132.85 | 7971 | 797 | 159 | 399 | 7732 |

നികുതി നഷ്ടം : 7,732- 5,114 = 2,618

2. കെട്ടിട ഉടമയുടെ പേര് : ശ്രീ. തറമ്മൽ മൂർക്കോത്ത് ഹേമന്ത് കുമാർ, "ശ്രീവിഹാർ",പി.ഒ.ധർമ്മടം(9769-9773)

ഈടാക്കിയ നികുതിയുടെ വിവരങ്ങൾ

| ക്രമ നം | കെട്ടിട നമ്പർ | തറവിസ്തീർണ്ണം(ച.മീ) | അടിസ്ഥാന വസ്തുനികുതി@ 40/ | റോഡ് അടിസ്ഥാനമാക്കിവർദ്ധനവ് (10%) | സേവന നികുതി (2%) | ഗ്രന്ഥശാല വരി(5%) | ആകെ | രസീതി നം |
|---|---|---|---|---|---|---|---|---|

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 1. | XV/ 302A | 26.25m$^2$ | 1050 | 315 | 28 | 69 | 1462 | 11404100198/ 25-4-14 |
| 2. | XV/ 302B | 20.28m$^2$ | 81 | 244 | 22 | 5368 | 1131 | 11404100199/ 25-4-14 |
| 3. | XV/ 302C | 17.94m$^2$ | 718 | 216 | 19 | 47 | 1000 | 11404100200/ 25-4-14 |
| 4. | XV/ 302D | 17.94m$^2$ | 718 | 216 | 19 | 47 | 1000 | 11404100201/ 25-4-14 |
| 5. | XV/ 302E | 116.60m$^2$ | 4664 | 1400 | 122 | 304 | 6490 | 11404100202/ 25-4-14 |
| | | | | | | | 11,083 | |

ഈടാക്കേണ്ട നികുതിയുടെ വിവരങ്ങൾ

| തറവിസ്തീർണ്ണം(ച.മീ) | അടിസ്ഥാന വസ്തുനികുതി@ 60/- | മേഖല അടിസ്ഥാനമാക്കിവർദ്ധനവ് (10%) | സേവന നികുതി (2%) | ഗ്രന്ഥശാല വരി(5%) | ആകെ |
|---|---|---|---|---|---|
| 199.01 | 11941 | 1194 | 263 | 657 | 14055 |

നികുതി നഷ്ടം : 14055-11083=2972

3. കെട്ടിട ഉടമയുടെ പേര് : ശ്രീ. ആർ രാജീവ്, S/o.രാജേന്ദ്രൻ, "രാജാസ്", പി.ഒ.ധർമ്മടം(9813-9825)

ഈടാക്കിയ നികുതിയുടെ വിവരങ്ങൾ

| ക്രമ നം | കെട്ടിട നമ്പർ | തറവിസ്തീർണ്ണം(ച.മീ) | അടിസ്ഥാന വസ്തുനികുതി@ 40/ | റോഡ് അടിസ്ഥാനമാക്കിവർദ്ധനവ് (20%) | സേവന നികുതി (2%) | ഗ്രന്ഥശാല വരി(5%) | ആകെ | രസീതി നം |
|---|---|---|---|---|---|---|---|---|
| 1. | XII/ 3A | 14.25m$^2$ | 570 | 114 | 14 | 34 | 732 | 35094/46 5-6-14 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | | | | |
| 2. | XII/ 3B | $14.25m^2$ | 570 | 114 | 14 | 34 | 732 | 35094/47 5-6-14 |
| 3. | XII/ 3C | $14.25m^2$ | 570 | 114 | 14 | 34 | 732 | 35094/48 5-6-14 |
| 4. | XII/ 3D | $14.25m^2$ | 570 | 114 | 14 | 34 | 732 | 35094/49 5-6-14 |
| 5. | XII/ 3E | $14.25m^2$ | 570 | 114 | 14 | 34 | 732 | 35094/50 5-6-14 |
| 6 | XII/ 3F | $14.25m^2$ | 570 | 114 | 14 | 34 | 732 | 35094/51 5-6-14 |
| 7 | XII/ 3G | $14.25m^2$ | 570 | 114 | 14 | 34 | 732 | 35094/52 5-6-14 |
| 8 | XII/ 3H | $14.25m^2$ | 570 | 114 | 14 | 34 | 732 | 35094/53 5-6-14 |
| 9 | XII/ 3I | $14.25m^2$ | 570 | 114 | 14 | 34 | 732 | 35094/54 5-6-14 |
| 10 | XII/ 3J | $14.25m^2$ | 570 | 114 | 14 | 34 | 732 | 35094/55 5-6-14 |
| 11 | XII/ 3K | $14.25m^2$ | 570 | 114 | 14 | 34 | 732 | 35094/56 5-6-14 |
| 12 | XII/ 3L | $14.25m^2$ | 570 | 114 | 14 | 34 | 732 | 35094/57 5-6-14 |
| 13 | XII/ 3M | $14.25m^2$ | 570 | 114 | 14 | 34 | 732 | 35094/58 5-6-14 |

| | | |
|---|---|---|
| | 9516 | |

ഈടാക്കേണ്ട നികുതിയുടെ വിവരങ്ങൾ

| തറവിസ്തീർണ്ണം(ച.മീ) | അടിസ്ഥാന വസ്തുനികുതി@ 60/- | മേഖല അടിസ്ഥാനമാക്കിവർദ്ധനവ് (10%) | സേവന നികുതി (2%) | ഗ്രന്ഥശാല വരി(5%) | ആകെ |
|---|---|---|---|---|---|
| 185.25 | 11115 | 1112 | 245 | 612 | 13084 |

നികുതി നഷ്ടം : 13084-9516=3568

4. കെട്ടിട ഉടമയുടെ പേര് : ശ്രീ. നാൽപാടി കനകദാസൻ,

"ശ്രീപദം", മുളിയിൽ കണ്ടോത്ത് ,
അണ്ടല്ലൂർ, പി.ഒ. പാലയാട്(9939-9945)

ഈടാക്കിയ നികുതിയുടെ വിവരങ്ങൾ

| ക്രമ നം | കെട്ടിട നമ്പർ | തറവിസ്തീർണ്ണം(ച.മീ) | അടിസ്ഥാന വസ്തുനികുതി@ 40/ | റോഡ് അടിസ്ഥാനമാക്കിവർദ്ധനവ് (20%) | സേവന നികുതി (2%) | ഗ്രന്ഥശാല വരി(5%) | ആകെ | രസീതി നം |
|---|---|---|---|---|---|---|---|---|
| 1. | V/224A | 14.67m$^2$ | 587 | 117 | 38 | 15 | 758 | 11404103729 20-1-2015 |
| 2. | V/224B | 14.67m$^2$ | 587 | 117 | 38 | 15 | 758 | 11404103730 20-1-2015 |
| 3. | V/224C | 9.84m$^2$ | 394 | 79 | 24 | 10 | 507 | 11404103731 20-1-2015 |
| 4. | V/224D | 14.67m$^2$ | 587 | 117 | 38 | 15 | 758 | 11404103732 20-1-2015 |
| 5. | V/224E | 14.67m$^2$ | 587 | 117 | 38 | 15 | 758 | 11404103733 20-1-2015 |
| 6 | V/224F | 25.84m$^2$ | 1034 | 207 | 63 | 25 | 1329 | 11404103734 20-1-2015 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 7 | V/224G | $25.84m^2$ | 1034 | 207 | 63 | 25 | 1329 | 11404103735<br>20-1-2015 |
| | | | | | | | 6197 | |

ഈടാക്കേണ്ട നികുതിയുടെ വിവരങ്ങൾ

| തറവിസ്തീർണ്ണം(ച.മീ) | അടിസ്ഥാന വസ്തുനികുതി@ 60/- | മേഖല അടിസ്ഥാനമാക്കിവർദ്ധനവ് (10%) | സേവന നികുതി (2%) | ഗ്രന്ഥശാല വരി(5%) | ആകെ |
|---|---|---|---|---|---|
| 120.2 | 7212 | 722 | 159 | 397 | 8490 |

നികുതി നഷ്ടം : 6197-8490=2293

ആകെ നികുതി നഷ്ടം= 11451/-

2014-15 വർഷം നികുതി നിർണ്ണയിച്ചതിലെ അപാകം കാരണം 2014-15 സാമ്പത്തിക വർഷം ₹ 11,451വരവ് നഷ്ടം വന്നിട്ടുണ്ട്. തുടർ വർഷങ്ങളിലും ഇത് ആവർത്തിക്കുന്നതിനാൽ ആയത് പരിശോധിച്ച് മുൻ വർഷം ഉൾപ്പെടെയുള്ള നഷ്ടം ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 2-3 ഇ-ടെണ്ടർ: ടെണ്ടർ ഫോറം വില ഇനത്തിൽ ലഭിക്കേണ്ട 8400/- രൂപ ലഭിക്കുവാൻ നടപടി സ്വീകരിച്ചില്ല.

2015-2016 വർഷത്തിൽ ഇ-ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിന്നും നാളിതുവരെയായും ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടില്ല.വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമനമ്പർ | പ്രവൃത്തിയുടെ പേര് | അടങ്കൽ | ടെണ്ടർ ഫോറം വില | ടെണ്ടറിൽ പങ്കെടുത്തവർ | റിമാർക്സ് |
|---|---|---|---|---|---|
| 1 | പ്രോജക്ട് -55/16-- മേലൂർ- കോളാട് പാലം ലിങ്ക് ഡ്രൈനേജ് നിർമ്മാണം | 698082/- | 1400/- | 1 | 1400/ |
| 2 | പ്രോജക്ട് -56/16-- ശിശുമന്ദിരം പരിസരം ലിങ്ക് ഡ്രൈനേജ് നിർമ്മാണം | 700000/- | 1400/- | 2 | 2800/- |

| | | | | | |
|---|---|---|---|---|---|
| 3 | പ്രോജക്ട് -116/16-- അംബേദ്കർ കോളനി ഒഴയിൽ ഭാഗം റോഡ് ടാറിംഗ് | 690000/- | 1400/- | 3 | 4200/- |
| ആകെ | | | | | 8400/- |

ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിന്നും ടെണ്ടർ ഫോറം വില ഇനത്തിലുള്ള തുക ലഭ്യമാക്കുന്നതിന് സത്വരനടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ഒരേ സമയം രണ്ട് വാഹനങ്ങൾ ഉപയോഗിച്ചു.

നിർവ്വഹണ ഉദ്യോഗസ്ഥൻ -മെഡിക്കൽ ഓഫീസർ,പി എച്ച് സി – ധർമ്മടം

പ്രൊജക്ട് – സാന്ത്വന പരിചരണം (s0086/16)

പി.എച്ച്.സിയിൽ സാന്ത്വന പരിചരണം എന്ന പ്രെജക്ടിന്റെ ഭാഗമായി ക്വട്ടേഷൻ ക്ഷണിക്കുകയും എം.പി. നിഷാദ് എന്നവരുടെ ക്വട്ടേഷൻ അംഗീകരിക്കുകയും ഡ്രൈവറായി നിയമിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പ്രകാരം ഒരേസമയം തന്നെ എം.പി.നിഷാദ്, എം.കെ. കുമാരൻ എന്നീ രണ്ട് ഡ്രൈവർമാർ വാഹനങ്ങൾ ഉപയോഗിച്ചതായി കാണുന്നു. ആയതിന്റെ വിശദാംശം ചുവടെ കൊടുക്കുന്നു.

| തീയ്യതി | ഡ്രൈവറുടെ പേര് | കൈപ്പറ്റിയ തുക |
|---|---|---|
| 22/06/15 | എം.കെ. കുമാരൻ | 1000 |
| | എം. പി.നിഷാദ് | 1400 |
| 14/07/15 | എം.കെ. കുമാരൻ | 1100 |
| | എം. പി.നിഷാദ് | 1400 |
| 11/08/15 | എം.കെ. കുമാരൻ | 1000 |
| | എം. പി.നിഷാദ് | 1400 |
| 17/09/15 | എം.കെ. കുമാരൻ | 1000 |
| | എം. പി.നിഷാദ് | 1200 |
| 28/09/15 | എം.കെ. കുമാരൻ | 1200 |
| | എം. പി.നിഷാദ് | 1400 |

| | | |
|---|---|---|
| 08/10/15 | എം.കെ. കുമാരൻ | 1000 |
| | എം. പി.നിഷാദ് | 1200 |
| 09/10/15 | എം.കെ. കുമാരൻ | 1000 |
| | എം. പി.നിഷാദ് | 1200 |
| 27/10/15 | എം.കെ. കുമാരൻ | 1200 |
| | എം. പി.നിഷാദ് | 1400 |
| 29/10/15 | എം.കെ. കുമാരൻ | 1200 |
| | എം. പി.നിഷാദ് | 1400 |

ഒരേസമയം രണ്ട് വാഹനങ്ങൾ ഓടിയതിന്റേയും വാഹനക്കൂലി നല്കിയതിന്റെയും വിശദാംശം ആരാഞ്ഞു കൊണ്ട് ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയായി ഒരേദിവസം സാന്ത്വന പരിചരണത്തിനായുള്ള ഗൃഹസന്ദർശനം, ഫീൽഡ് ഇമ്മ്യൂണൈസേഷൻ, വിദ്യാലയ ആരോഗ്യ പരിപാടി തുടങ്ങി വ്യത്യസ്ത പരിപാടികൾ നടത്തേണ്ടി വരുമ്പോൾ ഒരുദിവസം തന്നെ രണ്ട് വാഹനങ്ങൾ വിളിക്കേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ട് എന്ന മറുപടിയാണ് ലഭ്യമാക്കിയത്. പ്രോജക്ട് നടപ്പിലാക്കുമ്പോൾ ഇത്തരത്തിൽ അപാകങ്ങൾ ഉണ്ടാവാതിരിക്കാൻ അധികൃതർ ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 3-2 പാലിയേറ്റീവ് കെയർ പരിപാടി - ഭക്ഷണത്തിന് അധികച്ചെലവ്

നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ,പി എച്ച് സി- ധർമ്മടം

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 29-10-2015 ലെ ജി.ഒ.(ആർ.ടി) 3217/2015 നമ്പർ ഉത്തരവു പ്രകാരം പാലിയേറ്റീവ് കെയറിന്റെ ഹോംകെയർ ദിനങ്ങളിൽ ഗൃഹസന്ദർശനത്തിൽ മുഴുവൻ സമയവും പങ്കെടുക്കുന്ന സന്നദ്ധ പ്രവർത്തകർക്ക് (പരമാവധി 3പേർക്ക്) ആവശ്യമായി വരുന്ന ഭക്ഷണചെലവ് (ഒരാൾക്ക് പരമാവധി 60രൂപ) പ്രേജക്ടിൽ വകയിരുത്താവുന്നതും പി.എം.സി യുടെ തീരുമാന പ്രകാരം നൽകാവുന്നതുമാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിലെ പാലിയേറ്റീവ് കെയർ പരിപാടിയിൽ മേൽ ഉത്തരവിൽ പ്രതിപാദിച്ചതിലും കൂടുതലായി ഭക്ഷണത്തിനുവേണ്ടി ചെലവഴിച്ചിട്ടുണ്ട് . ഉദാഹരണം ചുവടെ;

| തീയ്യതി | പങ്കെടുത്തവരുടെ എണ്ണം | ചായ, ലഘുഭക്ഷണം | ഊണ് | ആകെ ചെലവ് (ഒരാൾക്ക് ) |
|---|---|---|---|---|
| 05/11/2015 | 6 | 126(ഒരാൾക്ക്21) | 360(ഒരാൾക്ക്60) | 81 |

| | | | | |
|---|---|---|---|---|
| | | | | |
| 09/11/2015 | 7 | 120 (ഒരാൾക്ക്17) | 370(ഒരാൾക്ക്53) | 70 |
| 12/11/2015 | 6 | 130 (ഒരാൾക്ക്22) | 350(ഒരാൾക്ക്58) | 80 |
| 19/11/2015 | 7 | 120 (ഒരാൾക്ക്17) | 370(ഒരാൾക്ക്53) | 70 |
| 23/11/2015 | 6 | 122 (ഒരാൾക്ക്20) | 360(ഒരാൾക്ക്60) | 80 |
| 26/11/2015 | 6 | 120 (ഒരാൾക്ക്20) | 360(ഒരാൾക്ക്60) | 80 |
| 27/11/2015 | 6 | 130 (ഒരാൾക്ക്22) | 360(ഒരാൾക്ക്60) | 82 |
| 03/12/2015 | 6 | 120 (ഒരാൾക്ക്20) | 360(ഒരാൾക്ക്60) | 80 |
| 10/12/2015 | 6 | 122 (ഒരാൾക്ക്20) | 360(ഒരാൾക്ക്60) | 80 |

പാലിയേറ്റീവ് കെയർ പരിപാടിയുടെ ഭക്ഷണചെലവിനത്തിൽ അധികചെലവ് സംബന്ധിച്ച് മെഡിക്കൽ ഓഫീസർക്ക് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നൽകിയ മറുപടി തൃപ്തികരമല്ല. ഭാവിയിൽ ഇത്തരത്തിലുള്ള അധികചെലവ് ഉണ്ടാകുന്നില്ല എന്നുറപ്പ് വരുത്തേണ്ടതാണ്.

## **3-3** <u>മുട്ടക്കോഴി വളർത്തൽ - അധികം നൽകിയ സബ്സിഡി തുക **5,500/-** നിരാകരിക്കുന്നു</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ-വെറ്ററിനറി സർജ്ജൻ

പ്രോജക്ട് -- 81/16 -മുട്ടക്കോഴി വളർത്തൽ

അടങ്കൽ -- 126000/-

വികസന ഫണ്ട് --75000/-

തനത് ഫണ്ട് --25000/-

ഗുണഭോക്തൃ വിഹിതം -- 26000/-)

ചെലവ് -- 126000/- (ബിൽ നം 06/15-16 തീയ്യതി 30-03-2016-- 75000/-
( ചെക്ക് നം 02026690 –തീയ്യതി 22-03-2016 –51000/-)

മേൽ പദ്ധതി പ്രകാരം 200 ഗുണഭോക്താക്കൾക്ക് വേണ്ടി 1,400 കോഴിക്കുഞ്ഞുങ്ങളെ 90/-രൂപ നിരക്കിൽ വാങ്ങുകയുണ്ടായി. ഗുണഭോക്തൃവിഹിതമിനത്തിൽ ഒരാളിൽനിന്ന് 130/- രൂപ വീതം 26,000/- പിരിച്ചെടുത്തും 1,00,000/- രൂപ വികസന ഫണ്ട്, തനത് ഫണ്ട് എന്നീ ഇനങ്ങളിൽ വകയിരുത്തിയുമാണ് തുക ചെലവഴിച്ചത് . സ.ഉ.(എം.എസ്) നമ്പർ 362/ത.സ്വ.ഭ.വ.തിരുവനന്തപുരം.,തീയ്യതി 16.11.2013 ഖണ്ഡിക 3.2.9പ്രകാരം കോഴി, കാട, താറാവ് മുതലായ വളർത്തുപക്ഷികൾക്ക് വിലയുടെ 75% എന്ന പരിധിക്ക് വിധേയമായി ഒരു കുടുംബത്തിന് പരമാവധി 500/- രൂപ സബ്സിഡി അനുവദിക്കാം . എന്നാൽ മേൽ പദ്ധതിക്ക് 75% എന്ന പരിധി നോക്കാതെ പരമാവധി തുകയായ 500/- രൂപ യാണ് സബ്സിഡിയായി നൽകിയിട്ടുള്ളത് . യഥാർത്ഥത്തിൽ 1400കോഴിക്കുഞ്ഞുങ്ങളെ വിലയായ 1,26,000/-രൂപയുടെ 75% ആയ 94,500/- രൂപ മാത്രമേ വികസന ഫണ്ട്, തനത് ഫണ്ട് എന്നിവയിൽ നിന്നും ചെലവഴിക്കാൻ പാടുള്ളൂ. ബാക്കി തുക ഗുണഭോക്തൃ വിഹിതമായി പിരിച്ചെടുക്കേണ്ടതായിരുന്നു. എന്നാൽ ഗുണഭോക്തൃവിഹിതമിനത്തിൽ നിന്നും ആകെ വിലയുടെ 25% ആയ 31500/- വകയിരുത്തേണ്ടതിനു പകരം 26000/- (200x130) മാത്രമം വകയിരുത്തുകയും പിരിച്ചെടുക്കുകയും ചെയ്യുകയാണുണ്ടായത്. ഈ ഇനത്തിൽ 5500/- രൂപ വികസന ഫണ്ട് / തനത് ഫണ്ടിൽ നിന്ന് അധികം ചെലവഴിച്ചിട്ടുണ്ട്. ഈ തുക ഉത്തരവാദിയായവരിൽ നിന്നും ഈടാക്കുകയോ . ഗുണഭോക്തൃവിഹിതം ശേഖരിച്ച് ക്രമീകരിക്കുകയോ ചെയ്യേണ്ടതാണ്. മാർഗരേഖ ലംഘനത്തിന് നിർവ്വഹണ ഉദ്യോഗസ്ഥൻ മാത്രമായിരിക്കും ഉത്തരവാദി എന്ന കാര്യം ശ്രദ്ധയിൽ പെടുത്തുന്നു.

## 3-4 അംഗനവാടികൾക്ക് കളിയുപകരണങ്ങൾ, ഫർണിച്ചർ എന്നിവ ലഭ്യമാക്കൽ - പർച്ചേസിംഗ് കമ്മിറ്റി മിനുട്സ് ഹാജരാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ -ഐ സി ഡി എസ് സൂപ്പർവൈസർ

പ്രോജക്ട് നം - S0086/16

ബിൽ നം - 13/15-16 30-03-2016 ബിൽ തുക – 1,50,000

- 14/15-16 30-03-2016 ബിൽ തുക – 35,600

ആകെ - 1,85,600

2015-16 സാമ്പത്തിക വർഷത്തിൽ അംഗനവാടികൾക്ക് കളിയുപകരണങ്ങൾ, ഫർണിച്ചർ എന്നിവ ലഭ്യമാക്കൽ (S0086/16) എന്ന പ്രോജക്ടിന്റെ ഭാഗമായി സ്വാഹ ഇൻഡസ്ട്രിയൽ സിൻഡിക്കേറ്റ്, ഫിഡ്കോ എന്നീ സ്ഥാപനങ്ങളിൽ നിന്നും ടെണ്ടർ ക്ഷണിക്കുകയും സ്വാഹ ഇൻഡസ്ട്രിയൽ സിൻഡിക്കേറ്റ് എന്ന

സ്ഥാപനത്തിൽ നിന്നും സാധനങ്ങൾ വാങ്ങുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഫിഡ്കോ എന്ന സ്ഥാപനം ക്വാട്ട് ചെയ്ത നിരക്കിനേക്കാൾ അധികനിരക്ക് ക്വാട്ട് ചെയ്ത സ്വാഹ ഇൻഡസ്ട്രിയൽ സിന്റിക്കേറ്റ് എന്ന സ്ഥാപനത്തിൽ നിന്നും കളിയുപകരണങ്ങൾ, ഫർണിച്ചർ എന്നിവ വാങ്ങാനിടയാക്കിയ സാഹചര്യം പരിശോധിക്കുന്നതിന് പർച്ചേസിംഗ് കമ്മിറ്റി മിനുട്സ് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ആയതിനാൽ ചെലവു തുകയായ 1,85,600 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പർച്ചേസിംഗ് കമ്മിറ്റി മിനുട്സ് ഓഡിറ്റിന് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-5 പ്രത്യേക കന്നുകുട്ടി പരിപാലനം -വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

പ്രോജക്ട് -- 06/16-പ്രത്യേക കന്നുകുട്ടി പരിപാലനം

നിർവഹണോദ്യോഗസ്ഥൻ -- വെറ്ററിനറി സർജ്ജൻ

അടങ്കൽ -- 375000/- ( വികസന ഫണ്ട് – 93750/- , സംസ്ഥാന വിഹിതം – 93750/- ,മറ്റുള്ളവ – 187500/- )

ചെലവ് -- 93750/- (വികസന ഫണ്ട്)

(ബിൽ നം.02/2015-16 തീയ്യതി 23-03-2016)

പഞ്ചായത്ത് വിഹിതമായി 15 ഗുണഭോക്താക്കൾക്ക് വേണ്ടി 6250/-പ്രകാരം 93750/-രൂപ ( ഡി.ഡി നമ്പർ 177233 തീയ്യതി 23-03-2016) മൃഗ സംരക്ഷണ വകുപ്പ് ഡെപ്യൂട്ടി ഡയരക്ടർ, (എസ് .എൽ.ബി.പി,)കണ്ണൂരിന് നൽകിയിട്ടുണ്ട്. തുകയുടെ ഇതുവരെയുള്ള വിനിയോഗം സംബന്ധിച്ച വിവരങ്ങൾ, തീറ്റ വിതരണവുമായി ബന്ധപ്പെട്ട് ക്ഷീര വ്യവസായ സംഘത്തിൽ നിന്നുള്ള ഗുണഭോക്താക്കളുടെ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവ് തുക 93750/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-6 തെങ്ങ് കയറ്റ ഉപകരണവിതരണം - ഗ്രാമസഭയിൽ മാർക്ക് ലഭിക്കാത്ത വ്യക്തിക്ക് നൽകിയത്

നിർവ്വഹണ ഉദ്യോഗസ്ഥൻ - കൃഷി ഓഫീസർ

പ്രോജക്ട് -തെങ്ങ് കയറ്റ ഉപകരണ വിതരണം

പ്രോജക്ട് നം - 96/16

അടങ്കൽ - 12,500 വികസന ഫണ്ട്(പൊതുവിഭാഗം)

- 12,500 ഗുണഭോക്തൃ വിഹിതം നേരിട്ട്

ആകെ - 25,000

ചെലവ് - 850 ബിൽ 11 തീയതി 30.3.2016

- 7,750ബിൽ 12 തീയതി 30.3.2016

ആകെ - 8,600

10 ഗുണഭോക്താക്കൾക്ക് ,തെങ്ങ് കയറ്റ ഉപകരണങ്ങൾ നൽകാനായിട്ടുള്ള പദ്ധതിയിൽ ഉപകരണത്തിന്റെ വിലയുടെ പകുതി, ഗുണഭോക്താക്കൾക്ക് സബ്സിഡിയായി നൽകുവാനാണ് പ്രോജക്ട് തയ്യാറാക്കിയത്.ആകെ 7 പേർക്ക് സബ്സിഡി നൽകിയിട്ടുണ്ട്.

ശ്രീ.ഗോപാലൻ.പി.വി,പാലയാട് എന്ന ഗുണഭോക്താവിന് തെങ്ങ് കയറ്റ ഉപകരണത്തിന് വേണ്ടി ₹ 1250

സബ്സിഡി നൽകിയിട്ടുണ്ട്. ഗ്രാമസഭയിൽ നൽകിയ അപേക്ഷപരിശോധിച്ചപ്പോൾ അപേക്ഷയിൽ ടിയാന് മാർക്ക് രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ, ആദ്യം അംഗീകരിച്ച ഗുണഭോക്തൃപട്ടികയിൽ ടിയാന്റെ പേര് ഉൾപ്പെടുത്തിയിട്ടില്ല. അന്തിമഗുണഭോക്തൃപട്ടികയിലും മാർക്ക് രേഖപ്പെടുത്തിയിട്ടില്ല. ശ്രീ.കുറുപ്പിച്ചാങ്കണ്ടി വിനോദൻ, ഇളമ്പിലായി വത്സൻ, എന്നിവർക്ക് യഥാക്രമം 38, 35 മാർക്ക് ലഭിച്ചിട്ടുണ്ടെങ്കിലും, ഇവർക്ക് ഉപകരണം വിതരണം ചെയ്തിട്ടില്ല. എൻക്വയറിക്ക് നൽകിയ മറുപടി പ്രകാരം കൂടുതൽ മാർക്ക് ലഭിച്ച ഗുണഭോക്താക്കൾക്ക് ഉപകരണം വാങ്ങിക്കുവാൻ താത്പര്യമില്ലാത്തതിനാലാണ് മാർക്ക് ലഭിക്കാത്ത ശ്രീ.ഗോപാലൻ.പി.വി എന്ന ഗുണഭോക്താവിന് നൽകിയത് എന്നാണ് വിശദീകരിച്ചത് .ആയത് വ്യക്തമാക്കുന്ന രേഖകൾ ലഭിച്ചിട്ടില്ല. ശ്രീ.ഗോപാലൻ.പി.വി എന്ന ഗുണഭോക്താവ് നൽകിയ അപേക്ഷയിൽ ടിയാന് 69 വയസ്സ് രേഖപ്പെടുത്തിയതായി കാണുന്നു. ഗുണഭോക്താക്കളുടെ അർഹത പരിശോധിക്കാതെ, ഫണ്ട് ചെലവഴിക്കാൻ വേണ്ടി മാത്രം പദ്ധതി നിർവ്വഹണം നടത്തിയത് ശരിയല്ല എന്ന് വിലയിരുത്തുന്നു. ഇക്കാര്യത്തിൽ മതിയായ വിശദീകരണം നൽകേണ്ടതാണ്.

## 3-7 തെങ്ങിന് ജൈവവളം വിതരണം - മാർഗരേഖ മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ - കൃഷി ഓഫീസർ

പ്രോജക്ട് - തെങ്ങ്കൃഷി വികസന പദ്ധതി

പ്രോജക്ട് നം - 62/16

അടങ്കൽ - 6,02,446 വികസന ഫണ്ട്(പൊതുവിഭാഗം)

- 10,000 സംരക്ഷണ ഗ്രാന്റ്-റോഡിതരം

ചെലവ് - 6,02,446 ബിൽ നം 7/26.3.2016

- 10,000 ബിൽ നം 8/26.3.2016

തെങ്ങ്കൃഷി വികസന പദ്ധതിയിൽ , താഴെപറയുന്ന ഇനങ്ങൾക്ക് വേണ്ടി തുക ചെലവഴിച്ചിട്ടുണ്ട്

| | |
|---|---|
| ജൈവവളം | 5,06,250.00 |
| തെങ്ങ് മുറിച്ചുമാറ്റൽ | 95,500.00 |
| തെങ്ങിൻതൈ വിതരണം | 10,696.00 |

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിസബ്സിഡി മാർഗ്ഗരേഖ സർക്കാർ ഉത്തരവ് (എം എസ് ) നമ്പർ 362/2013 /ത സ്വ ഭ വ തിരുവനന്തപുരം തീയതി 16.11.2013 ൽ ജൈവവളത്തിന് 75 % സബ്സിഡിയാണ് അനുവദനീയമായത്. എന്നാൽ ഗുണഭോക്താക്കൾക്ക് 75 % കൂടുതൽ സബ്സിഡി നൽകിയിട്ടുണ്ട്. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | തെങ്ങിന്റെ എണ്ണം | വാങ്ങിയ വളം വില | നൽകിയ സബ്സിഡി % | അർഹതപ്പെട്ട സബ്സിഡി 75% |
|---|---|---|---|---|---|
| 1 | പ്രേമ.കെ,മടക്കൻ ഹൗസ്, | 7 | 575 | 525 | 431 |

| | | | | | |
|---|---|---|---|---|---|
| | മേല്ലൂർ | | | 91.30% | |
| 2 | കെ.ബാലൻ,<br>ചിറ്റാരിക്കൽ, പാലയാട് | 42 | 3,220 | 3,150<br>97.82% | 2,415 |
| 3 | ചന്ദ്രൻ.വി,<br>പൂവാലി ഹൗസ്,<br>ധർമ്മടം | 49 | 4,400 | 3,675<br>83.52% | 3,300 |
| 4 | സി.ഗോപാലൻ,<br>വെള്ളച്ചാൽഹൗസ്,<br>അണ്ടല്ലൂർ | 27 | 2,300 | 2,025<br>88% | 1,725 |

മേൽ പറഞ്ഞ അപാകതയ്ക്ക് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക്, കർഷകർ സ്വയം ശേഖരിക്കുന്ന ഉണക്കച്ചാണകത്തിന്റെ വൗച്ചർ വയ്ക്കാൻ വിട്ടുപോയതാണെന്നും 75 % ൽ കൂടുതൽ സബ്സിഡി നൽകിയവരിൽ നിന്നും ഉണക്കച്ചാണകത്തിന്റെ വൗച്ചർ വാങ്ങി ഓഡിറ്റിന് ഹാജരാക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. എന്നാൽ വൗച്ചർ ഹാജരാക്കിയിട്ടില്ല. അതിനാൽ അധിക സബ്സിഡി നൽകിയവരിൽ നിന്നും, കൃത്യമായ വൗച്ചർ ലഭ്യമാക്കുകയോ, അല്ലാത്ത പക്ഷം അധികം നൽകിയ സബ്സിഡി തിരികെ ഈടാക്കുകയോ ചെയ്യേണ്ടതാണ്. നിർവ്വഹണ സമയത്ത് വൗച്ചറുകൾ ശേഖരിച്ച് വയ്ക്കുന്നതിനു പകരം ഓഡിറ്റ് സമയത്ത് ആയതിനു മുതിരുന്നത് ശരിയായ നടപടിയല്ല.

## 3-8 മാർഗരേഖയ്ക്ക് വിരുദ്ധമായി ഭക്ഷണ വിതരണ പരിപാടി--ചെലവ് തുക 2,22,704/- തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ -ഹെഡ്മാസ്റ്റർ

സ.ഉ.(എം.എസ്) നമ്പർ 362/ത.സ്വ.ഭ.വ.തിരുവനന്തപുരം.,തീയ്യതി 16.11.2013 ലെ അനുബന്ധം 1 ഖണ്ഡിക 10 ൽ i മുതൽ vi വരെ ഖണ്ഡികകളിൽ ഭക്ഷണ വിതരണ പരിപാടികൾ ഏർപ്പെടുത്താവുന്ന വിഭാഗങ്ങളെകുറിച്ച് പ്രതിപാദിക്കുന്നുണ്ട്. ഖണ്ഡിക vii ൽ അങ്കണവാടി പോഷകാഹാരം , i മുതൽ vi വരെ ഖണ്ഡികകളിൽ പറഞ്ഞ വിഭാഗങ്ങൾ ഒഴികെ മറ്റ് പോഷകാഹാര / ഭക്ഷണ വിതരണ പരിപാടികൾ ഒന്നും തന്നെ ഏറ്റെടുക്കാവുന്നതല്ല എന്ന് പ്രത്യേകം പരാമർശിക്കുന്നുണ്ട്. എന്നാൽ ഇതിനു വിരുദ്ധമായി താഴെ പറയുന്ന പ്രോജക്ടുകൾ വഴി ഭക്ഷണ വിതരണ പരിപാടികൾ ഏറ്റെടുത്ത് നടത്തിയതായി കാണുന്നു.

1. പ്രോജക്ട് -- 15/16-- ജേസി സ്പെഷൽ സ്കൂൾ വിദ്യാർത്ഥികൾക്ക്

പോഷകാഹാരം

അടങ്കൽ -- 98940/- (ധനകാര്യകമ്മീഷൻ അവാർഡ്

ചെലവ് -- 98607/- ( 1)ബിൽ നം. 01/15-16 തീയ്യതി 30-10-2015— 34269/-

(2)-ബിൽ നം. 06/15-16 തീയ്യതി 25-01-2016— 34269/-

(3)ബിൽ നം. 14/15-16 തീയ്യതി 28-03-2016--30069/-

ജേസി സ്പെഷൽ സ്കൂളിലെ 120 കുട്ടികൾക്ക് പാലും ബിസ്കറ്റും നൽകുന്നതിനാണ് മേൽ പദ്ധതി തയ്യാറാക്കിയിരിക്കുന്നത്.

2. പ്രോജക്ട് --14/16 -പ്രീ-പ്രൈമറി സ്കൂൾ വിദ്യാർത്ഥികൾക്ക് പോഷകാഹാരം

അടങ്കൽ -82967/- (ധനകാര്യകമ്മീഷൻ അവാർഡ്)

ചെലവ് -- 78347/- (ബിൽ നം. 02/15-16 തീയ്യതി 30-10-2015—26751/- ബിൽ നം. 07/15-16 തീയ്യതി-25-01-2016—26751/

ബിൽ നം. 15/15-16 തീയ്യതി 28-03-2016—24845/-)

പാലയാട് ഡയറ്റ് , ഗവ:മാപ്പിള .ജെ.ബി.സ്കൂൾ ധർമ്മടം എന്നീ സ്കൂളുകളുടെ കൂടെ പ്രവർത്തിക്കുന്ന പ്രീ-പ്രൈമറി സ്കൂൾ വിദ്യാർത്ഥികൾക്ക് പാലും ബിസ്കറ്റും നൽകുന്നതിനുമാണ് മേൽ പദ്ധതി തയ്യാറാക്കിയിരിക്കുന്നത്.

3. പ്രോജക്ട് --ഗ്രാമപഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ 7 നം 14 നം ഇടയിൽ പ്രായമുള്ള കുട്ടികൾക്ക് കളരി പരിശീലനം.

അടങ്കൽ -- 45750/- (വികസന ഫണ്ട് ധനകാര്യ കമ്മീഷൻ)

ചെലവ് -- 45750/- ബിൽ നം. 08/5-16 തീയ്യതി-18-02-2016—23180/-

ബിൽ നം. 13/5-16 തീയ്യതി-28-03-2016—22570/

കളരി പരിശീലനത്തിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പാലും മുട്ടയും വിതരണം ചെയ്യുന്നതിന് 34800/-രൂപയും പരിശീലകന് റിഫ്രഷ്മെന്റ് ഇനത്തിൽ 11250/- രൂപയുമാണ് പ്രസ്തുത പദ്ധതിയിൽ ചെലവഴിച്ചിട്ടുള്ളത്.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം.10 /13-12-2016) മറുപടിയിൽ ജേസി സ്കൂൾ ,പ്രീ-പ്രൈമറി സ്കൂൾ എന്നിവിടങ്ങളിലെ കുട്ടികൾക്ക് സർക്കാർ ഉച്ചഭക്ഷണ പരിപാടി പ്രകാരം അരിയും ആഴ്ചയിൽ രണ്ടു ദിവസം പാലും ഒരു ദിവസം മുട്ടയും നൽകുന്നതിനുള്ള കണ്ടീജന്റ് ചാർജ്ജ് അനുവദിക്കുന്നുണ്ടെന്നും പ്രീ-പ്രൈമറി സ്കൂൾ കുട്ടികൾ അംഗൻവാടി പ്രായത്തിലുള്ള കുട്ടികളാണെന്നും പഞ്ചായത്തിന്റെ കീഴിൽ ബഡ്സ് സ്കൂൾ ഇല്ലാത്തതിനാലും നല്ലരീതിയിൽ പ്രവർത്തിക്കുന്ന സ്ഥാപനമായതിനാലുമാണ് ഇത്തരത്തിലുള്ള ചെലവ് നടത്തിയതെന്നുമാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചത്. കളരി പരിശീലിക്കുന്ന കുട്ടികൾ സ്കൂൾ വിട്ട് നേരെ പരിശീലനത്തിന് പോകുന്നതിനാലാണ് അവർക്ക് മുട്ടയും പാലും നൽകുന്നത് എന്നും അറിയിച്ചു.

ജേസി സ്കൂൾ ,പ്രീ-പ്രൈമറി സ്കൂൾ എന്നിവിടങ്ങളിലെ കുട്ടികൾക്ക് സർക്കാർ ഉച്ചഭക്ഷണ പരിപാടി പ്രകാരം അരിയും ആഴ്ചയിൽ രണ്ടു ദിവസം പാലും ഒരു ദിവസം മുട്ടയും നൽകുന്നതിനാലും മേൽ ഉത്തരവിന് വിരുദ്ധമായി, മാർഗരേഖയിൽ നൽകാൻ പാടില്ല എന്ന് സൂചിപ്പിച്ച ഇനത്തിന് സർക്കാർ മുൻകൂർ അനുമതിയില്ലാതെ തുക ചെലവഴിച്ചതിനാലും ചെലവ് തുക 222704/- രൂപ തടസ്സപ്പെടുത്തുന്നു. ഇത്തരം ചെലവിന് അനുമതി നൽകുന്ന സർക്കാർ ഉത്തരവ് ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-9 ജേസി സ്പെഷൽ സ്കൂൾ ധർമ്മടം കമ്പ്യൂട്ടർ വാങ്ങൽ --ചെലവ് തുക തടസ്സപ്പെടുത്തുന്നു

നിർവഹണം -- ഹെഡ് മാസ്റ്റർ

പ്രോജക്ട്- --195/16 --ജേസി സ്പെഷൽ സ്കൂൾ ധർമ്മടം കമ്പ്യൂട്ടർ വാങ്ങൽ.

അടങ്കൽ --25600/-

ചെലവ് -- 25600/- (ബിൽ നം. 11/15-16 തീയ്യതി 28-03-2016—25600/-)

ഗവ: / എയ്ഡഡ് എൽ.പി, യു.പി സ്കൂളുകൾ എന്നിവയ്ക്ക് ഐ.ടി ഉപകരണങ്ങൾ വാങ്ങി നൽകാവുന്നതാണെങ്കിലും ജേസി സ്പെഷൽ സ്കൂൾ ധർമ്മടം എന്ന സ്ഥാപനം ഈ ഇനത്തിൽ പെടാത്ത സ്ഥാപനമായതിനാലും സർക്കാർ മുൻകൂർ അനുമതിയില്ലാതെ തുക ചെലവഴിച്ചതിനാലും ചെലവ് തുക 25600/- തടസ്സപ്പെടുത്തുന്നു.

## 3-10 ഘടക സ്ഥാപനങ്ങളിൽ കമ്പ്യൂട്ടർ പ്രിന്റർ വാങ്ങൽ അപാകങ്ങൾ തുക ₹ 36000/-ഓഡിറ്റിൽ തടസ്സപ്പെത്തുന്നു.

നിർവഹണം : സെക്രട്ടറി

പ്രോജക്ട് : 69/16-ഘടക സ്ഥാപനങ്ങളിൽ കമ്പ്യൂട്ടർ പ്രിന്റർ വാങ്ങൽ

അടങ്കൽ : 39000/- (തനത് ഫണ്ട്-15000/-

മെയിന്റനൻസ് ഫണ്ട് ( റോഡിതരം)-- 24000/-)

ചെലവ് : 36000/- (ബിൽ നമ്പർ. 45/30-03-2016-- 24000/-

ചെക്ക് നമ്പർ.SB/GJ 2519053 തീയ്യതി 30-03-16 തനത് ഫണ്ട് -- 12000/-)

മേൽ പദ്ധതി പ്രകാരം ഘടക സ്ഥാപനങ്ങളിലേക്ക് കമ്പ്യൂട്ടർ പ്രിന്റർ വാങ്ങുന്നതിനാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. ഇത് പ്രകാരം കെൽട്രോണിൽ നിന്ന് മൂന്ന് Multi function Laser Printer HP 1136 വാങ്ങിയിട്ടുണ്ട്. ഇവ പഞ്ചായത്തിന്റെ സ്റ്റോക്കിൽ ചേർത്തിട്ടുണ്ട്. എന്നാൽ ഘടക സ്ഥാപനങ്ങളായ ആയുർവേദ ആശുപത്രി, വി.ഇ.ഒ .കാര്യാലയം എന്നിവയുടെ കൈപ്പറ്റ് പ്രകാരം CANON LB P2 900 എന്ന പ്രിന്ററാണ് കൈപ്പറ്റിയതായി കാണുന്നത്. ഈ പൊരുത്തക്കേട് എന്തെന്ന് ഫയലിൽ വ്യക്തമല്ല.

ഇതുമായി ബന്ധപ്പെട്ട് നൽകിയ 17/2016 തീയ്യതി 15-12-2016 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവ് തുക 36000/-ഓഡിറ്റിൽ തടസ്സപ്പെത്തുന്നു.

## 3-11 തെരുവ് വിളക്ക് അറ്റകുറ്റപണി കരാർ- നടപടിക്രമങ്ങളിൽ സുതാര്യതയില്ല ചെലവ് തുക 400000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

പ്രോജക്റ്റ് -തെരുവ് വിളക്ക് അറ്റകുറ്റപണി കരാർ

പ്രോജക്റ്റ് നം -184/16

അടങ്കൽ - 400000/-

വികസനഫണ്ട് (ജനറൽ)-179080/

വികസനഫണ്ട്

(ധനകാര്യ കമ്മീഷൻ ഗ്രാന്റ് )-189000/-

തനത് ഫണ്ട് -31920/-

ആകെ – 400000/-

ചെലവ് – 400000/- ( ബിൽ നം 26/ 15-12-2015— 100000/-

ബിൽ നം 32/ 15-02-2016 — 11000 /-

ബിൽ നം 33/ 15-02-2016— 89000/-

ബിൽ നം 39/ 30-03-2016— 68080/-

ബിൽ നം 43/ 30-03-2016— 100000

ചെക്ക് SB/GJ No. 2519044 dtd 28-03-2016 – 31920/-)

ധർമ്മടം ഗ്രാമ പഞ്ചായത്തിൽ നിലവിലുള്ള തെരുവ് വിളക്കുകൾ അറ്റകുറ്റപ്പണി കരാർ ഏറ്റെടുത്ത് നടത്തുന്നതിന് അംഗീകൃത ഇലക്ട്രിക്കൽ സൂപ്പർവൈസർമാരിൽനിന്നും മത്സരാധിഷ്ഠിത ടെണ്ടർ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ രണ്ടു ടെണ്ടറുകൾ ലഭിച്ചതിൽ കുറഞ്ഞ നിരക്ക് നൽകിയ ശ്രീലേഷ്. സി, എലൈറ്റ് ഇലക്ട്രിക്കൽസ് , ചക്കരക്കൽ, മൌവ്വഞ്ചേരി -എന്ന കരാറുകാരന്റെ ടെണ്ടറാണ് സ്വീകരിച്ചിട്ടുള്ളത് .

<u>പദ്ധതി നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.</u>

1) ടെണ്ടർ നോട്ടീസിന്റെ പകർപ്പ് ഹാജരാക്കിയിട്ടില്ല.

2) കരാറുകാരനും പാഞ്ചായത്തും തമ്മിൽ ഉണ്ടാക്കിയ കരാറിൽ തെരുവ് വിളക്കുകളുടെ എണ്ണം , കരാർ കാലയളവ് , ഓരോ ഇനം വിളക്കുകളുടെയും എ.എം.സി നിരക്ക് എന്നിവ സൂചിപ്പിച്ചിട്ടില്ല. 01-10-2015 ൽ സ്വീകരിച്ച ടെണ്ടറിന് 02-10-2015 ൽ കരാർ വെച്ചിട്ടുണ്ട്. സർക്കുലർ നമ്പർ 3055/ഡി.എ.3/2011 ത.സ്വ.ഭ.വ. 15-09-2011 ലെ വ്യവസ്ഥകളൊന്നും കരാറിൽ ഉൾപ്പെടുത്തിയിട്ടില്ല. ടെണ്ടർ ഭരണസമിതി അംഗീകരിച്ച വിവരം ലഭ്യമാക്കിയിട്ടില്ല.

3) ഒന്നാം ഗഡുവിനായി സമർപ്പിച്ച അപേക്ഷയോടൊപ്പം കരാർ തീയ്യതിക്ക് മുമ്പ് അറ്റകുറ്റപ്പണി നടത്തിയ തെരുവ് വിളക്കുകളുടെ വിവരവും ചേർത്തിട്ടുണ്ട്.

4) പഞ്ചായത്ത് ഡയരക്ടറുടെ 17-08-2015 ലെ ജി-2/44274/15 ഉത്തരവ് പ്രകാരം സൂക്ഷിക്കുന്ന രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ ഒന്നും ചേർത്തിട്ടില്ല.

5) പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ സ.ഉ (എം.എസ്) നം.362/13 തസ്വഭവ തിരുവനന്തപുരം തീ 16-11-13 ഖണ്ഡിക 7-8 പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ നിലവിൽ സ്ഥാപിച്ചിട്ടുള്ള സോഡിയം വേപ്പർ വിളക്കുകളുടെ അറ്റകുറ്റപ്പണികൾ മെയിന്റനൻസ് ഫണ്ട് / തനത് ഫണ്ടിൽ നിന്നും ഏറ്റെടുക്കാവുന്നതാണ് എന്ന് സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ വിളക്കുകളുടെ ഇനം തിരിച്ച് എണ്ണം കണക്കാക്കി എ.എം.സി നിരക്ക് കണക്കാക്കാത്തതിനാൽ ഓരോ ഇനത്തിനും വകയിരുത്താവുന്ന തുക എത്ര എന്ന് കണക്കാക്കാൻ സാധിച്ചിട്ടില്ല.

6) തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണിയും സംരക്ഷണവും മാർഗരേഖ -2011 (സർക്കുലർ നമ്പർ 3055/ഡി.എ.3/2011 ത.സ്വ.ഭ.വ. 15-09-2011) ഖണ്ഡിക 2.എഫ് പ്രകാരം ആന്വൽ മെയിന്റനൻസ് കോൺട്രാക്ട് പ്രകാരം ആനുപാതിക തുക കരാറിലെ വ്യവസ്ഥകൾ നിറവേറ്റുന്ന മുറയ്ക്ക് മൂന്നുമാസം കൂടുമ്പോൾ നൽകേണ്ടതാണ് . എന്നാൽ 01-10-2016 വരെ കാലാവധിയുള്ള കരാർ പ്രവൃത്തിയുടെ മുഴുവൻ തുകയും 30-03-2016 ൽ തന്നെ നൽകിയതായി കാണുന്നു.

7)<u>കരാറുകാരനിൽ നിന്നും ആദായനികുതി ഈടാക്കിയില്ല</u> : ആദായനികുതി വകുപ്പ് 194 (സി) പ്രകാരം കരാർ പ്രകാരമുള്ള പ്രവൃത്തികളിൽ നിന്നും 1% ആദായ നികുതി ഈടാക്കേണ്ടതാണ് . എന്നാൽ കരാറുകാരനിൽ നിന്നും ഈ ഇനത്തിൽ ഈടാക്കേണ്ട തുകയായ 4000/- രൂപ ഈടാക്കിയിട്ടില്ല. ആയത് ഈടാക്കി ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കേണ്ടതാണ്.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ടെണ്ടർ നോട്ടീസിന്റെ പകർപ്പ് ഹാജരാക്കുന്നതാണ് എന്നും കരാർ പ്രകാരം പഞ്ചായത്തിലെ മൊത്തം വിളക്കുകൾ ഒരു വർഷത്തേക്ക്

പരിപാലിക്കുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത് എന്നും ടെണ്ടർ ഭരണസമിതി യുടെ തീരുമാനപ്രകാരമാണ് അംഗീകരിച്ചത് എന്നുംകരാറിന് മുമ്പും കരാറുകാരൻ വർക്കുകൾ ചെയ്തിട്ടുണ്ട് എന്നും കരാർ കാലാവധിയിലെ മുഴുവൻ റിപ്പയർ വർക്കുകളും ചെയ്യുമെന്ന വ്യവസ്ഥയിലാണ് തുക മുൻകൂറായി നൽകിയത് എന്നുമാണ് മറുപടി നൽകിയത്. എന്നാൽ മറുപടിക്ക് ആധാരമായ രേഖകൾ ഒന്നും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

മേൽ അപാകതകൾ എ.എം.സി നടപടിക്രമങ്ങളിലെ സുതാര്യതയില്ലായ്മയാണ് കാണിക്കുന്നത് ആയതിനാൽ ചെലവ് തുക 400000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വ്യകതമായ വിശദീകരണങ്ങൾ നൽകേണ്ടതാണ്.

## 3-12 പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ -രേഖകൾ ഹാജരാക്കിയില്ല

നിർവഹണം : സെക്രട്ടറി

പ്രോജക്ട് : 172/16- നിലവിലുള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ

അടങ്കൽ : 6,00,000/- (തനത് ഫണ്ട്-14029/--

മെയിന്റനൻസ് ഫണ്ട് ( റോഡിതരം)-- 585971/--)

ചെലവ് : 6,00,000/- (ബിൽ നമ്പർ. 38/30-03-2016--585971/- )

(ചെക്ക് നമ്പർ . SB/GJ No.2519049 dtd 29-03-2016 --

തനത് ഫണ്ട് -- 14029/)

മേൽ പ്രോജക്ട് പ്രകാരം ഡെപ്പോസിറ്റ് വർക്കിനായി 600000/- രൂപ (ഡി.ഡി.നം. 400747 തീയ്യതി 31-03-2016 –14029/- , ഡി.ഡി.നം. 400729തീയ്യതി 31-03-2016 --585971/-) കേരള വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടുണ്ട്. എന്നാൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട രേഖകളായ അംഗീകരിച്ച എസ്റ്റിമേറ്റ്, തുകയുടെ കൈപ്പറ്റ് വിവരം , പ്രവൃത്തി പൂർത്തീകരണം പത്രം, ഫണ്ട് വിനിയോഗ സാക്ഷ്യപത്രം , പ്രസ്തുത പ്രവൃത്തി ഇതുവരെ ആരംഭിച്ചിട്ടുണ്ടോ എന്നീ വിവരങ്ങൾ എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 16 നുള്ള മറുപടിയിൽ റസീറ്റും വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കുവാൻ കേരള വാട്ടർ അതോറിറ്റിക്ക് നോട്ടീസ് നൽകിയിട്ടുണ്ട് എന്നാണ് അറിയിച്ചത്. മേൽ അപാകങ്ങൾ കാരണം ചെലവ് തുക 600000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്രവൃത്തി ആരംഭിച്ചിട്ടുണ്ടോ എന്നുപോലും വ്യക്തമാക്കാൻ കഴിയാത്ത പഞ്ചായത്തധികൃതരുടെ നടപടി ഇക്കാര്യത്തിൽ അവർക്കുള്ള ശ്രദ്ധക്കുറവ് എത്രയെന്നും വ്യക്തമാക്കുന്നു.

## 3-13 അംഗൻവാടി കെട്ടിടത്തിന് സ്ഥലം വാങ്ങൽ നടപടിക്രമത്തിലെ അപാകങ്ങൾ- ചെലവ് തുക 90000/- തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ:സെക്രട്ടറി

പ്രോജക്ട് : 137/16 -അംഗൻവാടി കെട്ടിടത്തിന് സ്ഥലം വാങ്ങൽ

അടങ്കൽ : 360000/- (വികസന ഫണ്ട്--94000/- തനത് ഫണ്ട് -266000/-)

ചെലവ് : 90000/- (വികസന ഫണ്ട്)

(ബിൽ നം. 47 / 30-03-2016 )

കൈരളി അംഗൻവാടിക്ക് കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം വാങ്ങുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത് . പ്രസ്തുത പദ്ധതിപ്രകാരം പുത്തൻപുരയിൽ സജീവൻ , ' മമ്മാലി വീട് ' , പി.ഒ. പാലയാട് എന്നയാളിൽ നിന്നും 0.81ആർ സ്ഥലം ( സർവ്വെ നമ്പർ 74 / 4 ) 18-09-2015 ലെ തലശ്ശേരി സബ്

രജിസ്ട്രാർ ഓഫീസിലെ 1533 നമ്പർ ആധാര പ്രകാരം വാങ്ങിയിട്ടുണ്ട്. കണ്ണൂർ ജില്ലാ കളക്ടറുടെ 30-03-2016 ലെ സി1- 2016 റഫറൻസ് വില നിർണ്ണയ സാക്ഷ്യപത്രപ്രകാരം ഭൂമിയുടെ വില (സർവ്വെ നമ്പർ 74 / 4 ) ആറിന് 74250/-രൂപ നിശ്ചയിച്ച് നൽകുകയുണ്ടായി. ആധാര പ്രകാരം സ്ഥലത്തിന്റെ വില 1,10,000/-രൂപയും മുദ്രപത്രത്തിന്റെ വില 6,600/-രൂപയും ആധാരം ഫീസ് 2,200/- രൂപയുമടക്കം 118800 രൂപയാണ്. സ്ഥലം വാങ്ങിയതുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1) പുത്തൻപുരയിൽ സജീവൻ , ' മമ്മാലി വീട് ' , പി.ഒ. പാലയാട് എന്നയാളിൽ നിന്നുമാണ് സ്ഥലം വാങ്ങിയിരിക്കുന്നത്. VIIIാം വാർഡിൽ കൈരളി അങ്കണവാടിക്കുവേണ്ടി സ്ഥലം വാങ്ങിയ വകയിൽ ചെലവായ 121400/- നൽകണമെന്ന 01-10-2015 ലെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ശ്രീമതി. ശ്രീളാലോചന , വയലിൽ വീട്, പാലയാട് എന്നവർക്കാണ് (ഡി.ഡി.നം. 400715 തീയ്യതി 31-03-2016 ) സ്ഥലത്തിന്റെ വില 90000/- രൂപ നൽകിയിരിക്കുന്നത്. ഭൂമി ആരിൽ നിന്നോണോ വാങ്ങിയത് അവർക്കാണ് സ്ഥലത്തിന്റെ വില നൽകേണ്ടത്.

2) 30-03-2016 ലെ സി1- 2016 റഫറൻസ് വില നിർണ്ണയ സാക്ഷ്യപത്രപ്രകാരമാണ് കണ്ണൂർ ജില്ലാ കളക്ടർ ഭൂമിയുടെ വില നിശ്ചയിച്ച് നൽകിയിരിക്കുന്നത് . എന്നാൽ അതിനുമുമ്പ് തന്നെ സ്ഥലത്തിന്റെ ആധാരം പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ റജിസ്റ്റർ ചെയ്തിട്ടുണ്ട് ( 18-09-2015 ലെ തലശ്ശേരി സബ്ബ് രജിസ്ട്രാർ ഓഫീസിലെ 1533 നമ്പർ ആധാരം).

3) പ്രത്യേക പർച്ചേസ് കമ്മിറ്റി രൂപീകരിച്ച് പൊതുമാർക്കറ്റിൽ നിന്ന് നേരിട്ട് വാങ്ങുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത്. എന്നാൽ ഇത്തരത്തിലുള്ള കമ്മിറ്റിയുടെ വിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

4) കളക്ടർ നിശ്ചയിച്ച വില പ്രകാരം 0.81 ആർ സ്ഥലത്തിന് 60143/- (0.81 x 74250) രൂപയും അതിന്റെ അടിസ്ഥാനത്തിലുള്ള ആധാരം ഫീസും , മുദ്ര പത്ര വിലയും മാത്രമേ ചെലവാകുകയുള്ളൂ . എന്നാൽ അതിലും കൂടുതൽ തുക ചെലവായതായി കാണുന്നു.

5) ഭൂമി പോക്കുവരവ് നടത്തി നികുതി ഒടുക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.
6) ഭൂമിയുടെ അനുയോജിത സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം.22/16-12-2016) മറുപടിയിൽ ഭൂമി വാങ്ങുന്നതിനായി പ്രോജക്ട് തയ്യാറാക്കിയതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് പ്രസിഡണ്ടും മെമ്പർമാരും അടങ്ങിയ കമ്മിറ്റി സ്ഥലം നൽകാമെന്നേറ്റ പുതിയ പുരയിൽ സജീവനുമായി വാക്കാൽ കരാറുണ്ടാക്കുകയും വാല്വേഷനു വേണ്ടി ജില്ലാ കളക്ടർക്ക് 01-05-2015 ന് അപേക്ഷനൽകുകയുമുണ്ടായി, എന്നാൽ യാതൊരു മറുപടിയുമുണ്ടായിട്ടില്ല. തുടർന്ന് 26-11-2015 നും 31-12-2015 വീണ്ടും അപേക്ഷ നൽകുകയും ചെയ്തു. സ്ഥലം നഷ്ടമാവുമെന്ന ഘട്ടം വന്നപ്പോഴാണ് സ്ഥലം വാങ്ങുന്നതിനായുള്ള ചെലവ് മെമ്പർ വഹിച്ചതും സ്ഥലം സെക്രട്ടറിയുടെ പേരിൽ രജിസ്റ്റർ ചെയ്തതും എന്നാണ്. ജില്ലാ കളക്ടറുടെ വാല്വേഷൻ പ്രകാരമുള്ള വിലയുടെ 30% അധികരിച്ച് നൽകാൻ 03-10-2015 ലെ 73/15 (2) നമ്പർ തീരുമാന പ്രകാരം ഏകകണ്ഠമായി തീരുമാനിച്ചു . കൂടാതെ പ്രസ്തുത തുക മെമ്പർക്ക് നൽകാനും തീരുമാനിച്ചു എന്നുമാണ് അറിയിച്ചത്.

സ്ഥലത്തിന് വില നിശ്ചയിക്കുന്നതിന് മുമ്പെ സ്ഥലം വാങ്ങിയതിനാൽ യഥാർത്ഥ വിലയേക്കാൾ കൂടുതൽ വില ഭൂമിക്ക് നൽകേണ്ടിവരികയും ഇതിന്റെ അടിസ്ഥാനത്തിൽ അനുബന്ധ ചെലവുകൾ ചെയ്യേണ്ടതായും വന്നു. കൂടാതെ ഇതുവരെയും ഭൂമി പോക്കുവരവ് നടത്തി നികുതി ഒടുക്കിയിട്ടുമില്ല. ഇത്തരം നടപടിക്രമങ്ങളിലെ അപാകതകൾ കാരണം ചെലവ് തുക 90,000/-തടസ്സപ്പെടുത്തുന്നു.

## **3-14** <u>കുടുംബശ്രീ "മീഡിയാശ്രീ " - ഡോക്യുമെന്ററി ചിത്രങ്ങൾ ലഭിച്ചില്ല. ചെലവ് തുക **65000/-** തടസ്സപ്പെടുത്തുന്നു</u>

നിർവഹണം : സെക്രട്ടറി

പ്രോജക്ട് : 177/16-മീഡിയാശ്രീ

അടങ്കൽ : 65000/- വികസന ഫണ്ട് (പൊതുവിഭാഗം)

ചെലവ് : 65000/- (ബിൽ നമ്പർ 01/23-06-2015 )

മേൽ പ്രോജക്ടിൽ 65000/-രൂപ വികസന ഫണ്ടിൽ (പൊതുവിഭാഗം) നിന്നും കുടുബശ്രീ എക്സിക്യൂട്ടിവ് ഡയറക്ടർക്ക് (ഡി.ഡി നമ്പർ-380565/23-06-2015,എസ്.ബി.ഐ തലശ്ശേരി ),ജില്ലാ മിഷൻ കണ്ണൂർ മുഖേന നൽകിയിട്ടുണ്ട്. സർക്കാരിന്റെ 05-12-14തീയതിയിലെ സ. ഉ.(സാധാ)നം.3206/2014/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം കുടുബശ്രീ സ്റ്റേറ്റ് മിഷന്റെ "മീഡീയാശ്രീ " പദ്ധതിയുടെ ഭാഗമായി കേരളത്തിലെ നിലവിലുള്ള തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ചരിത്രവും വർത്തമാനവും പദ്ധതികളും നിലവിലെ ഭരണസമിതിയുടെ നേട്ടങ്ങളും ഡോക്യുമെന്ററി ചിത്രങ്ങളായി പുറത്തിറക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ ആവശ്യത്തിലേക്കായാണ് 65000/-രൂപ കുടുംബശ്രീക്ക് നല്കിയത്. എന്നാൽ ധർമ്മടം ഗ്രാമപഞ്ചായത്തിന്റെ ചരിത്രവും വർത്തമാനവും പദ്ധതികളും നിലവിലെ (2010-15) ഭരണസമിതിയുടെ നേട്ടങ്ങളും ഉൾക്കൊള്ളിച്ചുള്ള ഡോക്യുമെന്ററി ചിത്രങ്ങൾ ഇതുവരെയായും ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടില്ല. കരാർ പ്രകാരം തുക ലഭിച്ചതിന് ശേഷം 60 ദിവസത്തിനകം ഡോക്യുമെന്ററി ചിത്രങ്ങൾ പഞ്ചായത്തിന് ലഭ്യമാക്കുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ തുക ലഭിച്ചതിന് കുടുബശ്രീ എക്സിക്യൂട്ടിവ് ഡയറക്ടറിൽ നിന്നുള്ള ഔദ്യോഗിക രശീതും ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടില്ല. ആയതിനാൽ ചെലവ് തുക 65000/- തടസ്സപ്പെടുത്തുന്നു .കരാർ ലംഘനത്തിന് പഞ്ചായത്ത് സ്വീകരിച്ച നടപടികൾ വ്യക്തമാക്കേണ്ടതാണ്.

ഡോക്യുമെന്ററി ചിത്രങ്ങൾ അടങ്ങിയ സി.ഡിയും കൈപ്പറ്റ് രസീറ്റും ഹാജരാക്കുന്നതിന് കുടുംബശ്രീ മിഷന് നോട്ടീസ് നൽകിയിട്ടുണ്ട് എന്നാണ് ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടുള്ളത് .

## 3-15 വാഹന ഉപയോഗവും സംരക്ഷണവും -രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല - ഇന്ധന വില 82542 /- തടസ്സപ്പെടുത്തുന്നു

ധർമ്മടം ഗ്രാമപഞ്ചായത്തിന്റെ അധീനതയിൽ രണ്ട് വാഹനങ്ങളാണുള്ളത്. K.L.58.J.5005ബൊലേറോ ജീപ്പ്, K.L.58.J.6688 ഗുഡ്സ് ഓട്ടോ . തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാഹനങ്ങളുടെ ഉപയോഗം, സംരക്ഷണം എന്നിവ സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ ജി.ഒ(എം.എസ്)170/07 ത.സ്വ.ഭ.വ തീയ്യതി 30-06-2007 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഉത്തരവിലെ പല കാര്യങ്ങളും കൃത്യമായി പഞ്ചായത്ത് പാലിക്കുന്നില്ല. അപാകതകൾ ചുവടെ കൊടുക്കുന്നു.

1) രജിസ്റ്റർ സൂക്ഷിപ്പ് :-

ലോഗ് ബുക്ക്, പെട്രോൾ, ഡീസൽ, ഗ്യാസ്, ഓയിൽ മുതലായവയ്ക്കുള്ള ഓർഡർ ബുക്ക്, റിപ്പയർ രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ, ഫ്യൂവൽ രജിസ്റ്റർ എന്നിവ സൂക്ഷിക്കേണ്ടതാണ്. എന്നാൽ ലോഗ് ബുക്ക് മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളത്.

2) ഇന്ധന ക്ഷമതാ പരിശോധന:-

രണ്ട് വാഹനങ്ങളുടെയും ഇന്ധന ക്ഷമത പരിശോധിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. മേൽ ഉത്തരവു പ്രകാരം ആറു മാസത്തിൽ ഒരിക്കൽ വാഹനത്തിന്റെ ഇന്ധനക്ഷമത പരിശോധിക്കേണ്ടതാണ്.

3) ഇന്ധന ഉപയോഗം :

ഗുഡ്സ് ഓട്ടോയിൽ ഇന്ധനം നിറക്കുന്നത് തലശ്ശേരിയിലുള്ള സദാന്ദപൈ & കോ എന്ന ഇന്ധനഏജൻസിയിൽ നിന്നും പഞ്ചായത്തിന്റെ ഉപയോഗത്തിനുള്ള ബൊലേറോ ജീപ്പിൽ എപ്പോഴും ഇന്ധനം നിറക്കുന്നത് പീക്കേ പെട്രോളിയം,പള്ളൂർ എന്ന ഇന്ധനഏജൻസിയിൽ നിന്നുമാണ്. ഇന്ധനം നിറക്കുന്നതിന് മാത്രമായി വാഹനം പള്ളൂർ വരെ പോയതായാണ് ലോഗ് ബുക്കിൽ രേഖപ്പെടുത്തിയതായി

കാണുന്നത്. കൂടാതെ വാഹനത്തിൽ ഇന്ധനം നിറക്കുന്നതിന്റെ വിവരങ്ങളായ ടാങ്ക് നിറയെ ഇന്ധനം നിറക്കുന്നുണ്ടോ എന്നും ആരുടെ സാന്നിധ്യത്തിലാണ് ഇന്ധനം നിറച്ചത് എന്നും എത്ര ലിറ്റർ ഇന്ധനം നിറച്ചു എന്നുമുള്ള വിവരങ്ങൾ ഒന്നുംതന്നെ ലോഗ് ബുക്കിൽ ചേർക്കുന്നില്ല

4) വാഹനത്തിന്റെ നിയന്ത്രണാധികാരി വാഹന ഉപയോഗം പരിശോധിച്ച് ലോഗ് ബുക്കിൽ ആവശ്യമായ സാക്ഷ്യപ്പെടുത്തലുകൾ നടത്തുന്നില്ല.

വാഹനത്തിൽ ഇന്ധനം നിറച്ചതിന്റെയും ഉപയോഗത്തിന്റെയും വിവരങ്ങൾ രേഖപ്പെടുത്താത്തതിനാലും ആവശ്യമായ രേഖകൾ സൂക്ഷിക്കാത്തതിനാലും ഇന്ധനം നിറച്ച ഇനത്തിലുള്ള 82542/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു

1. KL 58 J-5005 ബൊലേറോ ജീപ്പ്

| ക്രമ നമ്പർ | വൗച്ചർ നം. തീയ്യതി | തുക |
|---|---|---|
| 1 | 21500087 / 21-04-2015 | 2970.00 |
| 2 | 21500090 / 25-04-2015 | 200.00 |
| 3 | 21500184 / 26-05-2015 | 3039.00 |
| 4 | 21500252 / 22-06-2015 | 3000.00 |
| 5 | 21500268 / 12-06-2015 | 3020.00 |
| 6 | 21500328 / 03-07-2015 | 2950.00 |
| 7 | 21500374 / 23-08-2015 | 2960.00 |
| 8 | 21500424 / 10-08-2015 | 5660.00 |
| 9 | 21500498 / 04-09-2015 | 6960.00 |
| 10 | 21500589 / 15-10-2015 | 4830.00 |
| 11 | 21500701 / 11-11-2015 | 1000.00 |
| 12 | 21500702 / 11-11-2015 | 5210.00 |
| 13 | 21500720 / 18-11-2015 | 9440.00 |
| 14 | 21500799 / 19-12-2015 | 4717.00 |
| 15 | 21500850 / 04-01-2016 | 4950.00 |
| 16 | 21500815 / 27-01-2016 | 3940.00 |
| 17 | 21501025 / 26-02-2016 | 4190.00 |
| 18 | 21501124 / 17-03-2016 | 7006.00 |
| ആകെ | | 76042.00 |

2.KL 58 J 6688 ഗുഡ്സ് ഓട്ടോ

| ക്രമ നമ്പർ | വൗച്ചർ നം. തീയ്യതി | തുക |
|---|---|---|
| 1 | 21500099 / 25-04-2015 | 500.00 |
| 2 | 21500181 / 26-05-2015 | 500.00 |
| 3 | 21500288 / 22-06-2015 | 500.00 |

| | | |
|---|---|---|
| 4 | 21500349 / 16-07-2015 | 500.00 |
| 5 | 21500428 / 20-08-2015 | 500.00 |
| 6 | 21500512 / 11-09-2015 | 500.00 |
| 7 | 21500634 / 17-10-2015 | 500.00 |
| 8 | 21500716 / 18-11-2015 | 500.00 |
| 9 | 21500796 / 15-12-2015 | 500.00 |
| 10 | 21500888 / 27-01-2016 | 1000.00 |
| 11 | 21500895 / 27-01-2016 | 500.00 |
| 12 | 21501137 / 17-03-2016 | 500.00 |
| ആകെ | | 6500.00 |

## 3-16 ഗുണഭോക്തൃസമിതിമുഖേനയുള്ള മരാമത്ത് പ്രവൃത്തികൾ -രേഖകൾ ഹാജരാക്കാത്തതിനാൽ ₹ 14,28,909 തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് എഞ്ചിനിയർ

1997 ലെ കേരളപഞ്ചായത്തീരാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ, 1999 ൽ സംസ്ഥാന ആസൂത്രണ ബോർഡ് പുറപ്പെടുവിച്ച ഗുണഭോക്തൃ സമിതി മാർഗ്ഗരേഖ എന്നിവ അടിസ്ഥാനമാക്കിയാണ് ഗുണഭോക്തൃസമിതി മുഖേനയുള്ള പ്രവൃത്തികൾ നടപ്പാക്കേണ്ടത്. എന്നാൽ ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കിയ മരാമത്തു പ്രവൃത്തികളിൽ മേൽ ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയതായി കാണുന്നു. 2015-16 വർഷം ഗുണഭോക്തൃ സമിതികൾ വഴി നടപ്പിലാക്കിയ പദ്ധതികളുടെ വിവരം, അപാകതകൾ എന്നിവ ചുവടെ കൊടുക്കുന്നു.

ഗുണഭോക്തൃ സമിതി മുഖേന നടപ്പിലാക്കിയ വിവിധ പ്രവൃത്തികളുടെ വിവരം താഴെ കൊടുക്കുന്നു

| ക്രമ നം | പ്രവൃത്തിയുടെ പേര്/ പ്രോജക്ട് നം & കൺവീനറുടെ പേര് | പ്രവൃത്തി മൂല്യം VAT+ KCWWF ഉൾപ്പെടെ | ചെലവ് തുക (ബിൽ നമ്പർ /തീയ്യതി | എം ബുക്ക്നം |
|---|---|---|---|---|
| 1 | മേലൂർ കിഴക്കും ഭാഗം കോളാട്പാലം റോഡ് പരിസരം ഓവുചാൽ നിർമ്മാണം -51/16<br>പി .രവീന്ദ്രൻ | 1,28,484<br>+7,709 | 1,36,193<br>(4/10.8.2015) | 57/14-15 |
| 2 | കോക്കാട്ട് വയൽവ്യായാമമന്ദിരം റോഡ്ടാറിംഗ്-45/16 | 1,49,444 +<br>9,115 | 1,58,559<br>(14/1.3.2016) | 59/14-15<br>&13/15-16 |

| | | | | |
|---|---|---|---|---|
| | പി.രവീന്ദ്രൻ | | | |
| 3 | മാങ്ങോട്ടിൽ റോഡ് പുനരുദ്ധാരണം-54/16<br>പി.രവീന്ദ്രൻ | 2,50,282 +<br>1 5,017 | 2,65,299<br>18/ 9.3.16 | 10/15-16 |
| 4 | വലിയ തോട് കോറണേഷൻസ്കൂൾ -52/16<br>സുമേഷ്.പി | 3,73,680+<br>22,421 | 3,96,101<br>3/24.8.15 | 55/14-15 |
| 5 | ചാത്തോടം അംഗൻവാടി റോഡ് ഡ്രൈനേജ് പ്രവൃത്തി-44/16<br>സുമേഷ്.പി | 1,00,030+<br>6,002 | 1,06,032<br>ചെക്ക് നം 8054 തീയതി 12.8.2015 | 56/14-15 |
| 6 | പരീക്കടവ് ഡ്രൈനേജ് നിർമ്മാണം-53/16<br>പി.സുരേന്ദ്രൻ | 69,887+<br>4193 | 74,080<br>ബിൽ നം37 തീയതി 30.3.2016 | 61/14-15 |
| 7 | തച്ചറക്കൽ പുളിക്കൽ റോഡ് പുനരുദ്ധാരണം-46/16<br>പി.സുരേന്ദ്രൻ | 1,40,169+<br>8,411 | 1,48,580<br>15/29.3.16 | 58/14-15&<br>12/15-16 |
| 8 | നാണവീട് പരിസരം ഓവുചാൽ നിർമ്മാണം-50/16<br>പി.സുരേന്ദ്രൻ | 1,35,910+<br>8,155 | 1,44,065<br>9/29.1.2016 | 60/14-15 |
| | ആകെ | 1428909 | | |

1-പ്രവൃത്തി നടത്തുന്നതിനാവശ്യമായ എല്ലാ പണമിടപാടുകളും ഗുണഭോക്തൃ സമിതി ചെയർമാന്റെയും കൺവീനറുടെയും പേരിലുള്ള സംയുക്ത ബാങ്ക് അക്കൗണ്ടിലൂടെ മാത്രമേ പാടുള്ളൂ .എന്നാൽ ഗുണഭോക്തൃ

സമിതികൾ മുഖേന നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല

2- ജി.ഒ.(എം.എസ്) 362/2013/ത.സ്വ.ഭ.വ./16.11.2013 ഉത്തരവു പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖ ഖണ്ഡിക 7.11(6) അനുസരിച്ച് ഗുണഭോക്തൃ സമിതിയുടെ ചെയർമാനും, കൺവീനറും, അംഗങ്ങളും ,പ്രൊജക്ടിൽ പറഞ്ഞ ഗുണഭോക്തൃ പ്രദേശത്തെ നിവാസികൾ തന്നെയായിരിക്കണമെന്നും ആയത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതും സാക്ഷ്യപ്പെടുത്തിയ രേഖ നിർവ്വഹണ ഉദ്യോഗസ്ഥന് സമർപ്പിക്കേണ്ടതുമാണെന്ന് നിഷ്കർഷിക്കുന്നു. എന്നാൽ ഈ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

3-ഗുണഭോക്തൃ സമിതിയുടെ വരവ്-ചെലവ് കണക്കുകൾ,വൗച്ചറുകൾ എന്നിവ എഞ്ചിനീയർ പരിശോധിച്ചതിന്റെ വിവരങ്ങൾ ഹാജരാക്കിയിട്ടില്ല

4-ഗുണഭോക്തൃ സമിതിയിൽ നിന്നും 2% ആദായനികുതി ഈടാക്കിയിട്ടുണ്ട് എന്നാൽ ഗുണഭോക്തൃ സമിതിയുടെ പേരിലെടുത്ത PAN കാർഡ് ഓഡിറ്റിന് ഹാജരാക്കുക. ഇവ ഹാജരാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ₹ 14,28,909 തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-17 IAY ധനസഹായം - കൈപ്പറ്റ്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയില്ല ₹ 1,80,000 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(1) നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്ട് നം. - 140/15-16

ബിൽ നം. - 13/15-16 തീയ്യതി 28-03-2016

ഭവനപുനരുദ്ധാരണം എന്ന പ്രോജക്ടിനായി IAY ഗുണഭോക്താക്കളായ ശ്രീ. പ്രസന്ന.കെ.കെ, ശ്രീ. ഗീത മനോഹരൻ എന്നവരുടെ പഞ്ചായത്ത് വിഹിതമായ 40,000/- രൂപ ബ്ലോക്ക്പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. എന്നാൽ ബ്ലോക്ക് പഞ്ചായത്തിന്റെ കൈപ്പറ്റ രശീത് , വിനിയോഗ സാക്ഷ്യപത്രം എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവു തുകയായ 40,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

(2) നിർവ്വഹണ ഉദ്യോഗസ്ഥൻ - വി ഇ ഒ

പ്രോജക്റ്റ് - ഐ എ വൈ (ഗ്രാമപഞ്ചായത്ത് വിഹിതം നൽകൽ- 2015-16)

പ്രോജക്റ്റ് നം - 61/16

അടങ്കൽ - 4,20,000(വികസന ഫണ്ട്- പൊതുവിഭാഗം)

- 1,40,000( തനത് ഫണ്ട്)

ചെലവ് - 4,20,000 (ബിൽ 6 / 28.11.2015)

- 1,40,000 ചെക്ക് നം 2062437 തീയതി 25.3.2016

ആകെ – 5,60,000/-

ഐ എ വൈ (ഗ്രാമപഞ്ചായത്ത് വിഹിതം നൽകൽ- 2015-16) പദ്ധതിക്ക് വേണ്ടി ₹ 5,60,000 വിനിയോഗിച്ചിട്ടുണ്ട്. ₹ 1,40,000 ന്റെ വിനിയോഗ സാക്ഷ്യപത്രം , ഗുണഭോക്തൃ ലിസ്റ്റ്, എന്നിവ ഹാജരാക്കിയിട്ടില്ല . ആയതിനാൽ ചെലവു തുകയായ 40,000/+ 1,40,000 = ₹ 1,80,000 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-18 സാനിറ്ററി യൂണിറ്റിന് തുകമുഴുവൻ തനത് ഫണ്ടിൽ നിന്നും നൽകിയത് റീക്കുപ്പ് ചെയ്തിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ-വി ഇ ഒ

പ്രോജക്ട് - സാനിറ്ററി യൂണിറ്റ്

പ്രോജക്ട് നം -191/16

അടങ്കൽ - 1,44 000കേന്ദ്രവിഹിതം

- 1,02,400 തനത് ഫണ്ട്

ആകെ – 246400

ചെലവ് - ₹ 46,200 തനത് ഫണ്ട്( ചെക്ക് നം2919050 തീയതി30.3.2016 )

ഗുണഭോക്താക്കളുടെ എണ്ണം - 3

സാനിറ്ററി യൂണിറ്റ് പദ്ധതിക്ക് വേണ്ടി 3 ഗുണഭോക്താക്കൾക്ക് @ 15,400 വീതം ആകെ ₹46,200 മേൽ വൌച്ചർ പ്രകാരം തനത് ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്. തനത് ഫണ്ടിൽ നിന്നും നൽകിയ തുകയിൽ ,കേന്ദ്രവിഹിതം @ 12000 നാളിതുവരെയായി റീക്കുപ്പ് ചെയ്തിട്ടില്ല. തുകലഭിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 3-19 റോഡിതര സംരക്ഷണഗ്രാന്റ് മാർഗ്ഗരേഖ ലംഘിച്ച് വിനിയോഗിച്ചു. ₹ 15,340 തടസ്സപ്പെടുത്തുന്നു

സർക്കാർ ഉത്തരവ് (എം എസ് )330/2004 ത സ്വ ഭ വ തീയതി 9.12.2004, സർക്കാർ ഉത്തരവ് (എംഎസ് ) 300/2010 ത സ്വ ഭ വ തീയതി 10.12.2010 , എന്നീ റോഡിതര സംരക്ഷണഗ്രാന്റ് മാർഗ്ഗരേഖയിലും സംരക്ഷണഗ്രാന്റ് ഉപയോഗിച്ച് വിനിയോഗിക്കേണ്ട ഇനങ്ങൾ ഏതെല്ലാമായിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഈ ഉത്തരവുകൾകളിൽ നിർദ്ദേശിക്കപ്പെടാത്ത വിവിധ പദ്ധതികൾക്ക് വേണ്ടി റോഡിതര സംരക്ഷണഗ്രാന്റ്

വിനിയോഗിച്ചിട്ടുണ്ട്.വിശദ വിവരം താഴെ കൊടുക്കുന്നു

| ക്രമ നം | നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതി | വിനിയോഗിച്ച തുക | ബിൽ നം & തീയതി |
|---|---|---|---|---|
| 1 | കൃഷി ഓഫീസർ | തെങ്ങ്കൃഷി വികസന പദ്ധതി | ₹10,000 | ബിൽ നം 8/26.3.2016 |
| 2 | | വാഴകൃഷി വികസനപദ്ധതി | ₹3,000 | ബിൽ നം 3/26.3.2016 |
| 3 | | പച്ചക്കറി കൃഷി വികസനപദ്ധതി | ₹2,340 | ബിൽ നം 5/26.3.2016 |

മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവ് ചെയ്തതിനാൽ ₹ 15,340 തടസ്സപ്പെടുത്തുന്നു

## 3-20 പൂർത്തീകരിക്കാത്ത ഭവന നിർമ്മാണ പദ്ധതികൾ

താഴെ പറയുന്ന ഭവന നിർമ്മാണ പദ്ധതികൾ മുഖേന ധനസഹായം കൈപ്പറ്റിയ ചില ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിക്കാത്തതിനാൽ സബ്സിഡി തുക മുഴുവനായും കൈപ്പറ്റിയിട്ടില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രോജക്റ്റ് നം | ഗുണഭോക്താവിന്റെ പേര് | സബ്സിഡി തുക | ഇതുവരെ കൈപ്പറ്റിയ തുക |
|---|---|---|---|---|
| 1 | 51/12-13 | ശ്രീ.എം.സുരേന്ദ്രൻ<br>നാരായണി നിവാസ്<br>അണ്ടല്ലൂർ | 2,00,000 | 1,40,000 |
| 2 | 8/14-15 | യശോധ കല്ല്യാട്ട്<br>ഓർച്ചിടത്ത്,<br>അണ്ടല്ലൂർ | 2,00,000 | 1,40,000 |
| 3 | 29/15-16 | വി.കെ. നാസിത<br>വരച്ചൽ ഹൗസ്<br>പാലയാട് | 2,00,000 | 1,80,000 |

## 3-21 പൊതുമരാമത്ത് പ്രവൃത്തികളിലെ പൊതുഅപാകതകൾ

1. 2015-16 വർഷം 1,84,359രൂപ /-കേരള നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതമിനത്തിൽ പ്രവൃത്തികളുടെ ബില്ലിൽ നിന്നും ഈടാക്കുകയും,ഒടുക്കുകയുംചെയ്തിട്ടുണ്ടെങ്കിലും ഒടുക്കിയ തുകയുടെ കൈപ്പറ്റ് വിവരം ലഭ്യമാക്കിയിട്ടില്ല.

2. 2012 ൽ പി.ഡബ്ല്യു.ഡി മാന്വൽ പരിഷ്കരിച്ചിട്ടുണ്ടെങ്കിലും ഇതിലെ വ്യവസ്ഥകൾ ഉൾപ്പെടുത്താതെ പഴയ രീതിയിലുള്ള കരാർ വ്യവസ്ഥകൾ തന്നെയാണ് 2015-16 സാമ്പത്തിക വർഷം കരാറുകാരുമായി ചമച്ച കരാറിലുള്ളത് .

3. പ്രവൃത്തികളുടെ അന്തിമ ബില്ലുകളിൽ നിന്നും 4% മൂല്യവർദ്ധിത നികുതിയാണ് ഈടാക്കിയിട്ടുള്ളത്. എന്നാൽ കരാറുകാർ നികുതി കോമ്പൗണ്ട് ചെയ്തതിന്റെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.
മുകളിൽ പറഞ്ഞ രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതും ഭാവിയിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാനും ശ്രദ്ധിക്കേണ്ടതാണ്.

## 3-22 വിനിയോഗിക്കാൻ ബാക്കിയുള്ള തുകയുടെ വിവരം

ഗ്രാമപഞ്ചായത്തിൽ B-4 ഷെഡ്യൂൾ പ്രകാരം 218028 രൂപ വിനിയേഗിക്കാൻ ബാക്കിയുണ്ട്. ആയതിന്റെ വിശദവിവരം താഴെ കൊടുക്കുന്നു. ആയത് വിനിയോഗിക്കാത്ത പക്ഷം അതത് ഫണ്ടിൽ ഉടൻതന്നെ തിരിച്ചടക്കേണ്ടതാണ്.

| ഇനം | തുക |
|---|---|
| മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1401 |
| സംയോജിത ശിശു വികസന പദ്ധതി | 174099 |
| സ്പെസഫിക് പർപ്പസ് ഗ്രാന്റ് (കേന്ദ്ര ഫണ്ട് ) | 6353 |
| സാക്ഷരത | 4341 |
| സമ്പൂർണ്ണ ശുചിത്വം | 31834 |
| ആകെ | 218028 |

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം :

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലപഞ്ചായത്ത് | 2015-16 | 2,68,750 | ശാരീരിക മാനസീക വെല്ലുവിളി നേരിടുന്ന വർക്കുള്ള വിഹിതം | 2,68,750 | ഇല്ല |

മേൽ തുക RP-31-ൽ ഉൾപ്പെട്ടിട്ടില്ല. ആയത് പരിശോധനാവിധേയമാക്കി മറുപടി നൽകേണ്ടതാണ്.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം /ചെക്ക് നം തീയതി | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച തുക | ബാക്കി തുക |
|---|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | ചെക്ക് നം 02022622തീയതി 23.6.2015 | 6,00,000 | ഇല്ല | ഇല്ല | 6,00,000 |

മേൽ തുക 6,00,000 B-18 ൽ ഉൾപ്പെടുത്തിയിട്ടില്ല. KSEB-യിൽ ഡെപ്പോസിറ്റ് ഇനത്തിൽ 15784/- രൂപ B-18 ഷെഡ്യൂളിൽ ഉണ്ട്. പഞ്ചായത്തിൽ നിന്ന് നൽകിയ വിവരങ്ങളും B-18 ഷെഡ്യൂൾ പ്രകാരമുള്ള വിവരങ്ങളും പൊരുത്തപ്പെടാത്തത് വിശദീകരിക്കേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

B-18 ഷെഡ്യൂൾ പ്രകാരമുള്ള ഡെപ്പോസിറ്റ് തുകയുടെ വിവരം ലഭ്യമാക്കിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | 2015-16 |
|---|---|
| തൻവർഷത്തെ വരവ്* | 3,41,18,651.00 |
| തൻവർഷത്തെ ചെലവ്* | 4,36,94,159.00 |
| വരവ് നഷ്ടം | 11,701 |
| ചെലവ് നഷ്ടം | 5500 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 34,25,445 |

*Receipt & Payment Statement പ്രകാരം

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 250 | | ശ്രീ.പ്രസാദ്.വി.വി (സെക്രട്ടറി) |
| 3-3 | | 5,500 | ഡോ.ഷൈമജ ഉത്തമൻ (വെറ്ററിനറി സർജ്ജൻ) |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 1,85,600 | ശ്രീമതി.വസന്തകുമാരി (ഐസിഡിഎസ് സൂപ്പർവൈസർ) |
| 3-5 | 93,750 | ഡോ.ഷൈമജ ഉത്തമൻ (വെറ്ററിനറി സർജ്ജൻ) |
| 3-8 | 2,22,704 | ശ്രീ.കെ.വിജയൻ (ഹെഡ് മാസ്റ്റർ) |
| 3-9 | 25,600 | ശ്രീ.കെ.വിജയൻ (ഹെഡ് മാസ്റ്റർ) |
| 3-10 | 36,000 | ശ്രീ.പ്രസാദ്.വി.വി (സെക്രട്ടറി) |
| 3-11 | 4,00,000 | ശ്രീ.പ്രസാദ്.വി.വി (സെക്രട്ടറി) |
| 3-12 | 6,00,000 | ശ്രീ.പ്രസാദ്.വി.വി (സെക്രട്ടറി) |
| 3-13 | 90,000 | ശ്രീ.പ്രസാദ്.വി.വി (സെക്രട്ടറി) |
| 3-14 | 65,000 | ശ്രീ.പ്രസാദ്.വി.വി (സെക്രട്ടറി) |

| | | |
|---|---|---|
| 3-15 | 7209 | ശ്രീ. പുഷ്പഹാസൻ( സെക്രട്ടറി) |
| | 75333 | ശ്രീ.പ്രസാദ്.വി.വി (സെക്രട്ടറി) |
| 3-16 | 14,28,909 | ശ്രീമതി.റംസീന .<br>(അസിസ്റ്റന്റ് എഞ്ചിനിയർ) |
| 3-17(1) | 40,000 | ശ്രീ.യൂസഫ് ന്യൂ കണ്ണമ്പത്ത്<br>(അസിസ്റ്റന്റ് സെക്രട്ടറി) |
| 3-17(2) | 1,40,000 | ശ്രീമതി.പ്രിയ . (വി ഇ ഒ) |
| 3-19 | 15,340 | ശ്രീ.ഉണ്ണികൃഷ്ണൻ (കൃഷി ഓഫീസർ) |
| ആകെ | 3425445 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

3-11 (7) – 4000/-

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

**3-11**

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.ദിൽനാഥ് കല്ല്യാട്ട് (മെഡിക്കൽ ഓഫീസർ-അലോപ്പതി) | ഡോ.ദിൽനാഥ് കല്ല്യാട്ട് (മെഡിക്കൽ ഓഫീസർ-അലോപ്പതി)<br>പി എച്ച് സി - ധർമ്മടം | ദിൽനാഥ് കല്ല്യാട്ട്<br>കുഞ്ഞിരാമൻ വക്കീൽ റോഡ്<br>സിവിൽ കോർട്ടിന് സമീപം |

| | | |
|---|---|---|
| | | ചേറ്റം കുന്ന് |
| ഡോ.ഷൈമജ ഉത്തമൻ<br>(വെറ്ററിനറി സർജ്ജൻ) | ഡോ.ഷൈമജ ഉത്തമൻ<br>(വെറ്ററിനറി സർജ്ജൻ)<br>വെറ്ററിനറിഡിസ്പെൻസറി -ധർമ്മടം) | “അശ്വതി “<br>ചെങ്കൊടി വായനശാലയ്ക്ക് സമീപം<br>പാലയാട് |
| ശ്രീ.വിജയൻ.കെ<br>ഹെഡ് മാസ്റ്റർ | ശ്രീ.വിജയൻ.കെ<br>ഹെഡ് മാസ്റ്റർ | കുറിക്കെട്ടിൽ ഹൗസ്<br>കിടഞ്ഞി (പി ഒ)<br>പെരിങ്ങത്തുർ |
| പ്രസാദ്.വി.വി<br>സെക്രട്ടറി | പ്രസാദ്.വി.വി<br>സെക്രട്ടറി<br>ധർമ്മടം ഗ്രാമപഞ്ചായത്ത് | പ്രസാദ് നിവാസ്<br>വേങ്ങാട്<br>( പി.ഒ) |
| ശ്രീമതി .റംസീന .വി<br>അസിസ്റ്റന്റ് എഞ്ചിനിയർ | അസിസ്റ്റന്റ് എഞ്ചിനിയർ<br>മുഴപ്പിലങ്ങാട് ഗ്രാമപഞ്ചായത്ത് | റംലാസ്<br>കാക്കത്തോട് വയൽ<br>കണ്ണൂർ |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | എൽ.എഫ്/കെ.എൻ.ആർ/സി.8-174/2015(1) തീയതി:8.10.2015 | 3 |
| 1999-2000 | എൽ.എഫ്/കെ.എൻ.ആർ/സി.8-174/2015(2) തീയതി:8.10.2015 | 4 |
| 2001-02 | എൽ.എഫ്/കെ.എൻ.ആർ/സി.8-174/2015(3) തീയതി:8.10.2015 | 5 |
| 2003-04 | എൽ.എഫ്/കെ.എൻ.ആർ/സി.8-174/2015(4) തീയതി:8.10.2015 | 2 |
| 2004-05 | എൽ.എഫ്/കെ.എൻ.ആർ/സി.8-174/2015(5) തീയതി:8.10.2015 | 3 |
| 2007-08 | എൽ.എഫ്/കെ.എൻ.ആർ/സി.8-174/2015(6) തീയതി:8.10.2015 | 4 |
| 2008-09 | എൽ.എഫ്/കെ.എൻ.ആർ/സി2-1/2011 തീയതി:25.3.2011/2.6.2011 | 6 |

| | | |
|---|---|---|
| 2009-10, 2010-11 | എൽ.എഫ്/കെ.എൻ.ആർ/സി8-1001/2012 തീയതി:11.10.2012 / 3.12.2012 | 8 |
| 2011-12 | എൽ.എഫ്/കെ.എൻ.ആർ/സി8-751/2014 തീയതി:1.12.2014 /17.4.2015 | 26 |
| 2012-13& 2013-14 | കെ.എസ്.എ /കെഎൻ ആർ /സി8-201/2016 തീയതി:29.2.2016 | |
| 2014-15 | കെ.എസ്.എ /കെഎൻ ആർ /സി8-1456/2016 തീയതി 9.8.2016 | |

ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം -1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ /കെ.എൻ.ആർ /സി7.2234 /2016

കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം കണ്ണൂർ ,
*Email. lfaddistofficeknr@gmail.com*
Phone: 04972707698
തീയ്യതി.8.02.2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തുന്നതിനായി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങളും അവലംബിച്ചും കണ്ണൂർ ജില്ലയിലെ ധർമ്മടം ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യപത്രികയുടെ പരിശോധന നിർവഹിച്ചതായി സാക്ഷ്യപ്പെടുത്തുന്നു.

ഈ ഓഡിറ്റ് റിപ്പോർട്ടിൽ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ധർമ്മടം ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യപത്രിക വരവ് ചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

# AUDITCERTIFICATE

KSA-K.N.R./C7.2234 /16

Kerala State Audit Department,
*Email. lfaddistofficeknr@gmail.com*
Phone: 0497-2707698.
Date:8-02-2017

Certified that I have audited the annual Financial Statement of DHARMADAMGramapanchayat in Kannur District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my Opinion, the Financial Statements of DHARMADAM Gramapanchayat for the year 2015-16 except the observation in my audit report properly presents the picture of income and expenditure.

Deputy Director.

District Audit Office, Kannur.